തുമ്പിപ്പെണ്ണ്



1041

by

MSk

മെഹർ

പ്രസിദ്ധീകരണം



ആമിനക്കുട്ടി

മെഹർ

MALAYALAM

"AMINAKKUTTY"

(POETRY)

By

MEHAR

All Rights Reserved to Publishers

Nineth Impression Copies Two Thousands

August 1961.

TOTAL COPIES: 14000

Price: nP. 50

Publishers:—

AMINA BOOK STALL,

PHONE: 787.

TRICHUR - 1. (KERALA)

4035

ആമിനക്കുട്ടി

(ഒമ്പതാംപതിപ്പ്)

By

മെഹർ



വില: പൈസ 50

പ്രസാധകന്മാർ:—

ആമിനാ ബുക്കു് സ്റ്റാൾ,

(ഫോൺ: 787)

തൃശ്ശൂർ—1. :: (കേരളം)

ഒന്നാം പതിപ്പ് കോപ്പി 1000 1953 ഒക്ടോബർ
രണ്ടാം പതിപ്പ് കോപ്പി 1000 1954 മാച്ച്
മൂന്നാം പതിപ്പ് കോപ്പി 1500 1954 നവംബർ
നാലാം പതിപ്പ് കോപ്പി 1500 1955 ഡിസമ്പർ
അഞ്ചാംപതിപ്പ് കോപ്പി 1000 1957 ജൂൺ
ആറാം പതിപ്പ് കോപ്പി 2000 1958 ഫെബ്രുവരി
ഏഴാം പതിപ്പ് കോപ്പി 2000 1959 മാച്ച്
എട്ടാം പതിപ്പ് കോപ്പി 2000 1960 ആഗസ്റ്റ്
ഒമ്പതാംപതിപ്പ് കോപ്പി 2000 1961 ആഗസ്റ്റ്

ആകെ 14000

മെഹറിന്റെ മാപ്പിളപ്പാട്ടുകൾ!

— *നെടുവീർപ്പുകൾ* nP. 25
— *തെരുവിന്റെ ചിരി* nP. 25
— *ആമിനക്കുട്ടി* nP. 50
— *അബലയുടെ ആത്മഗതി* nP. 40

ആവശ്യപ്പെടുക:—

MANAGER,

Amina Book Stall, Trichur-1.

(സർവ്വാവകാശങ്ങളും ആമിനാ ബുക്ക്സ്റ്റാളിനും)

Printed at Printing Center, Trichur.

സമർപ്പണം.

''മെഹറിന്റെ 'നെടുവീർപ്പുകൾ' ഒരു പ്രണയ ഗായകന്റെ നീറുന്ന നിശ്വാസങ്ങളാണെങ്കിൽ 'തെരുവിന്റെ ചിന്ത' ജീവിക്കുന്ന പരമാത്മാക്കളാണ്''

ഇതിനുമുമ്പു പ്രസിദ്ധീകരിച്ച എന്റെ രണ്ടു പുസ്തകങ്ങളെപ്പറ്റി പല സുഹൃത്തുക്കളും എനിക്കയച്ച കത്തുകളുടെ ഉള്ളടക്കമാണ് മേലുദ്ധരിച്ചതു്. വലിയ ഒച്ചപ്പാടുകളൊന്നുമില്ലെങ്കിലും മലയാള സാഹിത്യത്തിലെ അവഗണിക്കാൻ വയ്യാത്തൊരു വിഭാഗമാണ് ''മാപ്പിളപ്പാട്ടുകൾ'' എന്നൊരഭിപ്രായം കേരളത്തിലെ തലയെടുപ്പുള്ള സാഹിത്യകാരന്മാരുടെയിടയിൽ ഇന്നു നിലവിലുണ്ട്. ഞാനെഴുതിയ മുമ്പത്തെ രണ്ടു കൃതികളെ സംബന്ധിച്ചും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന അഭിപ്രായങ്ങളും ഈയൊരു പരമാത്മാവിനെയാണ് പ്രതിനിധീകരിക്കുന്നതു്. പല കഥാപ്രാസംഗികന്മാരും മാപ്പിളപ്പാട്ടുകൾ കൈകായ്ക്കുംപോലെ തുടങ്ങിട്ടുണ്ടെന്നുള്ളതുതന്നെ, ബഹുജനങ്ങൾ മാപ്പിളപ്പാട്ടുകളെ എത്രത്തോളം ആസ്വദിക്കുന്നുണ്ട് എന്നുള്ളതിന്നൊരു തെളിവാണ്.

ഇത്രയും പ്രോത്സാഹനപരമായ ഒരു പുറപ്പാടിലാണ് ഞാനെന്റെ ''ആമിനക്കുട്ടി''യെ സഹൃദയസദസ്സിലേക്ക് ഇറക്കിവിടുന്നതു്. അവളെ വേണ്ടത്ര മോടിപിടിപ്പിക്കുവാൻകഴിഞ്ഞില്ലല്ലൊ, എന്നൊരു സങ്കോചം എന്നിൽ തങ്ങിനില്ക്കുകതന്നെ ചെയ്യുന്നുണ്ട്. ലുബ്ധ്

കൊണ്ടല്ല; കയ്യിലില്ലാത്തതുകൊണ്ടുമാത്രമാണ് യുവകോമളന്മാരുടെ സമസ്സിലേക്ക് അവളെ ഒരു തികഞ്ഞ ''പെന്തക്കാരി''യാക്കിയിറക്കാഞ്ഞതു്.

''ആമിനക്കുട്ടി''യിലെ ഉള്ളടക്കത്തിനും് എന്തെങ്കിലും പുതുമയുണ്ടെന്നു് ഞാൻ അവകാശപ്പെട്ടന്നില്ല. ഇതു് വായിക്കുമ്പോൾ ബഷീറിന്റെ ''ബാല്യകാലസഖി''യായിരിക്കും പലരുടെയും സ്മൃതിപഥത്തിൽ ഉയർന്നുവരിക. ഏതാനും ഭാഗങ്ങൾക്കു് അതിനോടു് സാദൃശ്യവുമുണ്ടു്. അത്തരത്തിലുള്ളൊരു ഹൃദയസ്പർശിയായ കഥയെ മാപ്പിളപ്പാട്ടിലൂടെ ചിത്രീകരിക്കണം എന്നുള്ളതു് ഈയുള്ളവന്റെ ഒരാഗ്രഹം മാത്രമാണു്. പെയ്തതപരാധമെങ്കിൽ ആശയചോരണത്തിനു് മാപ്പുതരിക!

വിമർശകട്ടഷ്ടികയും കുറവുകളും കണ്ടേക്കാം. അതെല്ലാം സഹോദരബുദ്ധ്യാ ചൂണ്ടിക്കാട്ടിത്തരുന്നപക്ഷം വളർന്നുവരുന്ന എന്നെപ്പോലെയുള്ളവർക്കു് അതൊരു പ്രോത്സാഹനം മാത്രമായിരിക്കും. പ്രചരണത്തിലുള്ള മാപ്പിളപ്പാട്ടുകളിൽ ലളിതമായ 29 രീതികളെ തിരഞ്ഞെടുത്താണു് ആമിനക്കുട്ടിയെ അലങ്കരിച്ചയക്കുന്നതു്. അവളെ സ്വീകരിക്കുവാനും, നിരസിക്കുവാനും സഹൃദയന്മാർക്കുള്ള അവകാശത്തെ ഞാൻ മാനിച്ചുകൊണ്ടു് എന്റെ 'ആമിനക്കുട്ടി'യെ ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഒലവക്കോടു്. വിധേയൻ,

15—9—1953. **മെഹർ.**

ആമിനക്കുട്ടി

(രീതി: — "താമരപ്പൂങ്കാവനത്തിൽ... ....")

പൂനിലാവു് പുഞ്ചിരിച്ചു നില്ക്കുമൊരു രാവിൽ
പൂക്കളാകെയുംവികാസമാർന്നുനില്ക്കും രാവിൽ
പൊൻനഭസ്സിൽ വെള്ളിനക്ഷത്രം വിരിഞ്ഞരാവിൽ
പൊന്നുഷസ്സിൽ തങ്കരേഖ വന്നുദിക്കും രാവിൽ
ചന്ദനം നിറച്ച തങ്കത്താലമൊന്നുപോലെ
ചന്ദ്രനും ഗഗനമിൽ വിളങ്ങിനില്ക്കും രാവിൽ
മന്ദമാരുതൻ പരിമളം പരത്തും രാവിൽ
മന്ദഹാസം ആമ്പലിൽ പൂളകമൂട്ടും രാവിൽ
ജീവജാലങ്ങളും സുഖത്തിൽ നിദ്രപൂണ്ട രാവിൽ
ജീവിതത്തിൽ വിശ്രമംപോൽ ശബ്ദമേറ രാവിൽ

* * * *

[ആ നിശ്ശബ്ദമായ അർദ്ധരാത്രിയെ ഭൂമിച്ചുകീറിക്കൊണ്ടു് ഹൃദയത്തിന്റെ അകക്കാമ്പിൽനിന്നു് ഉയർന്നൊഴുകുന്നൊരു ശോകാത്മകഗാനം ഉയർന്നുയർന്നുവന്നു.]

* * * *

പൊൻകരളേ! നീയെവിടെ മുത്തു്ബീവി!- പൂതി
ഹൃൻകരളിൽ പൊങ്ങിടുന്നെൻ സത്തു്ബീവി!
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ!- എന്റെ
പൂതിതിങ്ങും "കൽബകം" തണുത്തിടട്ടെ..... !!

* * *

[ആ, വിഷാദാത്മകഗാനം ആത്മാവിന്റെ ഉള്ളറയിൽനിന്നുയർന്നുവന്നു് നിർമ്മലമായ അന്തരീക്ഷത്തിൽ

അലിഞ്ഞുചേർന്നു. അവിടെ, ആ മണിമേടക്കുള്ളിൽ നിദ്രയാറാ ഒരു ഹൃദയം നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണു്. വീണ്ടും ആ ഗാനം നേർത്തൊഴുകിക്കൊണ്ടിരുന്നു.]

* * * *

"പൊൻകരളെ നീയെവിടെ മുത്തു്ബീവി!—പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്തു്ബീവി!
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ—എന്റെ
പൂതിതിങ്ങും "കൽബകം" തണുത്തിടട്ടെ."

അതെ, ആ പൂമുഖം പുറത്തേക്കുവന്നു. തുടിക്കുന്ന ഹൃദയവുമായി ആ മുഖകമലം വന്നുനില്ക്കുകയാണു്. എവിടെ?

(രീതി:— "താമരപ്പൂങ്കാവനം.....")

ഇക്കിളിയൂട്ടും വിനോദംകണ്ട കളിത്തോപ്പിൽ
ഇക്കിളിയിൽ രോമഹർഷംകൊണ്ട കളിത്തോപ്പിൽ
പൂഞ്ചിരിപ്പൂമൊട്ടുകൾ വിരിഞ്ഞ കളിത്തോപ്പിൽ
ചെഞ്ചൊരണങ്ങൾ സദാ പതിഞ്ഞ കളിത്തോപ്പിൽ
നർമ്മുലീലല്ലോത്തുസാക്ഷി നിന്ന കളിത്തോപ്പിൽ
നർമ്മബോധങ്ങൾ കിളർത്തു വന്ന കളിത്തോപ്പിൽ
പ്രാണനിൽ പ്രാണൻ പിണഞ്ഞുനിന്ന കളിത്തോപ്പിൽ
പൊൻ കിനാക്കളായിരം പൂത്തുള്ള കളിത്തോപ്പിൽ
പ്രേമമാന്ന് ഹൃത്തടങ്ങൾ കണ്ട കളിത്തോപ്പിൽ
പ്രേമഗാനത്താലെ ഹർഷം പൂണ്ട കളിത്തോപ്പിൽ
അരക്കളിത്തോപ്പിൽ വികാസം പൂത്തുനില്ക്കും രാവിൽ
അക്കളിമലർകളിൽ മധു നിറഞ്ഞ രാവിൽ!

അതാ നോക്കൂ!
കേരവൃക്ഷങ്ങൾ പരത്തിയ നിഴലിൻചാരെ
കൂരിരുട്ടല്ലല്ലൊ, കാണാം നില്ക്കുമിരുപേരെ.

തസ്കരന്മാരല്ല രണ്ടും, വേറെയാരൊണാണൊ?
മുഷ്കിനെപ്പടച്ച മാമൂലിൻരിചുക്കളാണെ!
എന്ത്! മാത്തട്ടകഥം രണ്ടും പൊങ്ങിവിങ്ങുന്നല്ലോ!
ഹന്ത! നിങ്ങടം ജീവനിൽ ജീവൻെറ ജീവനല്ലേ?
നർമ്മമാണൊ ഭാഷണം? അതല്ല, എന്ത്പിന്നെ!
മമ്മമാണോ? എങ്കിലിപ്പോം ഞാനിതാപോകുന്നേ
ഭാഷണം കേൾക്കാൻ ഇളംതെന്നൽ ഒളുങ്ങിനിന്നു
ആശയോടെ കേരവൃക്ഷങ്ങളം അടങ്ങിനിന്നു.
പുഷ്പസമൂഹങ്ങളാകെ നിശ്ചലതയാൻ
പൂച്ചെടികളൊക്കെയും ഉൽക്കണ്ഠയോടെ നിന്നു.
വെള്ളിനക്ഷത്രങ്ങളെ മറച്ചുവെച്ച മേഘം
ഉള്ളിലോട്ടു നീങ്ങി ചന്ദ്രൻ പാഞ്ഞൊളിച്ചുവേഗം
ഏത്തടങ്ങളം ഒത്തുരച്ച മർമ്മരങ്ങളം എന്തൊ
കോത്തിണക്കിയ കിനാക്കളം ഒക്കെയും പുലമ്പൊ!

("മയ്യെ എനിക്കുണ്ട്".....'' എന്ന രീതി)

പലവിധ വർണ്ണമാം മലരുകളേന്തിയും
അതുലമാം കാന്തി വിതറിക്കൊണ്ടും-നവമാം
മങ്കചാത്തും തങ്കമാലപോലെ.
മലരിൻ നിരകളും, തളിരും ലതകളും
വിളവാൻ നില്ക്കും നെൽപ്പാടങ്ങളും-പെറതാം
ഗ്രാമത്തിൻ കോമളശ്ശോഭയേറി.
കരളിന്നലിവേറും പെറതാം കുടിൽകളും
ഹരിതാഭയാന്ന പുൽമേട്ടകളും-നടുവിൽ
നാണം കുണുങ്ങും തൈമാവുകളും
'കിലുകിലു' ശബ്ദത്താൽ കിളികഥം പലതരം-
പുളകംകൊള്ളിക്കും നൽഗാനങ്ങളാൽ-അവിടെ
പൂങ്കുയിൽ പാടിപ്പറന്നിരുന്നു.

മടി തെല്ലും കൂടാതെ ചുടുരക്തം നീരാക്കും
കടിലിൻ വിളക്കാകും കഷ്ടകൻെറ_കരളി_
ന്നാശകൾപൂത്തങ്ങ് നിന്നിരുന്നു.

കുളിരിളം കാറ്റതിൽ 'കെലകെലാ'രവത്താൽ
വിളവാന്ന നെൽക്കതിരാടിടുമ്പോൾ_അതിലാ
കർഷകനിശ്വാസം ചേന്നിരുന്നു.

കൊലയും അസൂയയും, വലുതാം അനീതിയും
പലവിധ കൊള്ളക്കവെച്ചുകളും_സുലഭം
നടമാടും നാടല്ലീ ചെറുതാം ഗ്രാമം.

നെടുവീർപ്പുകൾകൊണ്ട് പട്ടിണിക്കാരാകും
കുടിലമനസ്കരെ വീർപ്പിക്കുന്ന_കർഷക
പട്ടിണിക്കാരുടെ പട്ടണമാം.

മണിമാടം, ഗോപുരം, മണിയറ, മണ്ഡപം
പണിയുവാനാര് നിണംകൊടുത്തോ_അവരിൻ
ആശ്വാസകേതമാം ദേശമാണോ!

കരിയും, നരകമേന്തി ഉരലേശം കൂടാതെ
പരിപോടീപ്പാരിന്നുയിർ കൊടുക്കും_കർഷക
സാമ്രാജ്യമാണിതെന്നോർമ്മവേണേ!

അവർ തൻ വിയർപ്പുകൾ അവനിയിൽ ചിന്തവേ
അവിടം കനകമായ് മാറീടുന്നു_ഉടനെ
എത്തുന്നു കുത്തകാവകാശക്കാർ.

നിധികാക്കും ഭൂതത്താൻ പതിയിരിക്കുംപോലെ
മതിവരാതുള്ള പണക്കൊതിയൻ_കർഷക
വേട്ടക്കാരൻ ഒന്നാ നാട്ടിലുണ്ടേ!

(രീതി:— "വീണ്ടുമഹർ.....")

ഉണ്ട് കേൾപ്പീൻ കണ്ടിടാം ആ നാട്ടിലൊരു മാടം.
ഉയക്കനാകും ചേക്കുമൂപ്പൻ തൻെറ മണിമാടം.

ചേലിലുള്ള നാലുകെട്ട് മാളികയൊന്നാണേ
ചുറ്റിലുള്ള ചെറ്റവീടുകൾക്കു നടുവാണേ.
ഭൂമിയുള്ള കേമരിലീ ചേക്കുതന്നെ മൂപ്പൻ
നാട്ടിലുള്ള കൂട്ടരിലും ചേക്കുതന്നെ മൂപ്പൻ
ചേക്കുതന്റെ വാക്കുവിടെയുള്ളവരിലെല്ലാം
ചെന്നിടുകിൽ പിന്നെ പോലീസ്സിനു സ്ഥാനമില്ല!
അതുയുണ്ട് സ്വാത്മനാം ആ ഭൂവുടമ തന്റെ
അത്മമാറ കീർത്തിയെന്നറിഞ്ഞുകൊൾക നിങ്ങൾ!
നിർദ്ദയത്തമർദ്ദനം ആ സധുകർഷകരിൽ
നിഷ്ഠയോടെ കാട്ടിടുന്ന യോഗ്യനാം ആ വീരൻ!

ജോലിചെയ്ത കൂലിയും അന്നനുകൊടുക്കുല
വേലയാളർ കൂലിയും ഭയന്നു ചോദിക്കുല
ചുട്ടപോര കട്ടിയാക്കി പൊന്നുപോലെ മാറി
ജന്മിതന്റെ കന്നത്തിൽക്കെട്ടുള്ള വീടുണ്ടാക്കി
ശീതമേറും, വാതമേറും ചെറുകുടിലിനുള്ളിൽ
ചെന്നുവീഴും ഖിന്നരിൽ സന്തോഷമുണ്ടോമന്നിൽ?
വമ്പുകാട്ടും കൊമ്പരും ഈ കർഷകന്റെ ചോര
ഏറ്റമേറ്റം ഊറ്റി പാനം ചെയ്തിടുന്നോരല്ലേ!
ഇല്ലൊരിക്കൽ പുല്ലുപോലീ ചൂഷകവർഗ്ഗത്തെ
തട്ടിനീക്കിപ്പറ്റിടും വിശാലഭൂമുഖത്തെ!

ഇല്ല ഗുണം തെല്ലുമീ ചേക്കുന്റെഹത്തടത്തിൽ
എങ്കിലും, ആ പങ്കമാന്താം പെരുംകുളത്തിൽ
താമരപോൽ കോമളമായുള്ള മകളൊന്നു
മൊഞ്ചിനാൽ കൊഞ്ചി വിളയാടി വളർന്നീടുന്നു
മൊഞ്ചിയന്ന ചെഞ്ചരണങ്ങൾ തളയണിഞ്ഞും
ചെഞ്ചുകപ്പാർന്ന കവിളിൽ പുഞ്ചിരി പൊടിഞ്ഞും

ആമിനക്കുട്ടിയതെന്നുള്ളോമനപ്പേരാലെ
തേന്മൊഴിയുതിർത്തു വിളയാടി വന്ന ചാല!

(രീതി:— "പോലെ നടപ്പ്".....")

ചാലെ വളർന്ന പെൺകൊടി
ചേലിൽ കളിക്കും പൈങ്കിളി
പോലെ ചിലച്ചുകൊണ്ടവൾ
ലോലസ്മിതം വിടർത്തിയും
നീലക്കൺകോൺ ചരിച്ചതായ്
ലീലകളാട്ടും വേളയിൽ
കാലിലണിഞ്ഞ പൊൻതള-
ചേലിൽ കിലുകിലുങ്ങിയും
തത്തിക്കളിക്കും തത്തപോൽ
നൃത്തം വെയ്ക്കുന്ന കേകപോൽ
നിസ്തുല വീണഗാനം പോൽ
പൂത്തിനു മോദമേകിയും
ഓമനത്തം തുളുമ്പിടും
തൂമന്ദഹാസ പൂരത്താൽ
ആ മണിമേടക്കുള്ളിലും
രോമഹർഷം വിതറിയും?
കൊഞ്ചിക്കുഴഞ്ഞ തേന്മൊഴി
ചെഞ്ചുണ്ട തന്നിൽ പുഞ്ചിരി
മൊഞ്ചിയലും നുണക്കുഴി
തഞ്ചം കളിക്കും മാന്മിഴി!
വെട്ടിച്ചുരിച്ച നോട്ടവും
പൊട്ടിച്ചിരിച്ചുള്ളോട്ടവും
കൊട്ടിക്കളിയുമാട്ടവും
മട്ടമതെന്ത് ചൊല്ലുവാൻ!

(രീതി:— "സെഹബാർ അടങ്കലിൽ.....")

ചൊല്ലിടാം ചേക്കുണ്ണെറയ്യക്കൻ
വളപ്പിനാലംചെറപ്പുരയൊന്നേ-യകത്തു്
ചെഞ്ചോര വറിയ പേക്കോലം
മക്കളും നാലാളിരിപ്പുണ്ടേ
ഉണ്ടാം പുരക്കൊരു നാഥനായു്
താതനായ്, ആലിയൊരുത്തൻ താൻ-കെട്ടിയ
പെണ്ണായ പാത്തുവും മക്കളും
രണ്ടുണ്ടാ വീട്ടിന്നകത്തിന്നാലം,
മാടത്തിൽ മാറത്തു് പൊട്ടിവിരിഞ്ഞ
രണ്ടോമനപുഷ്പങ്ങൾ-ഉഷിച്ച
മാനുഷ്യനീതിയതെന്തെന്നറി
താത്തൊരോമനക്കുഞ്ഞുങ്ങൾ
"മമ്മാത്തു, മമ്മാലി" മക്കളിരുപേരും
ഓടിക്കളിപ്പോരാം— ഇഹത്തിൻ
മായങ്ങളെന്തന്നറിയാതൊരു
പോലെ കാലം കഴിപ്പോരാം
പട്ടുപ്പില്ല, പകിട്ടില്ല, കിങ്കിണി
പാദസ്വരമില്ല—കഴിപ്പാൻ
പഞ്ചാരപ്പായസം, പാലട,
പാൽക്കഞ്ഞിയൊന്നുമവക്കില്ല!
അല്ലെങ്കിലെന്തുണ്ടീ ലോകത്തിൽ
നീതിയിൽ അല്പൽപെട്ടന്നോക്കു്—ഗ്രണമായ്
ആകാശം, ഭൂമി വിശാലമെന്നല്ലാതെ,
കഷ്ടപ്പെട്ടന്നോക്കു്
മാളികകേളികളാടണമെങ്കിലോ
മാടം കരയേണ്ടേ—പരന്ന

മാത്തട്ടിൽ മാലകഠം മിന്നണ
മെങ്കിലും പാവങ്ങഠം കേഴണ്ടേ!
പാവമാം ആലിയടിമയാം ചേക്കുന്റെ
പാടത്തിനെന്നെന്നും__പുലന്നാത്
പാടത്തു പെന്നു പണിയെടുത്തിടേണം
നില്ക്കാതെയെന്നെന്നും
കൊത്തിക്കിളക്കണം, വിത്തുവിതയ്ക്കണം,
കറമെതിക്കണം—ഞെരുങ്ങി
കുമ്പിട്ടു നട്ടെല്ലു പൊട്ടുംവിധത്തിൽ
പറകൊണ്ടളക്കേണം
വെള്ളം നിറക്കണം, കന്നുതെളിക്കണം,
കാവൽ കിടക്കേണം—ചിലപ്പോഠം
സൊള്ളുന്ന ഭള്ളുകഠംക്കൊക്കെയും
ചേക്കുന് താളം പിടിക്കേണം
തീർത്താലും തീരാത്ത ജോലിയും പാത്തു-
നവിടത്തിലെപ്പോഴും കനത്ത
തീക്കണ്ടിൽപെട്ട നശിക്കുന്ന മാതിരി
നീറണമെപ്പോഴും.
മുറമടിക്കണം ചട്ടി കഴുകേണം,
കൂട്ടാൻ വെക്കേണം-വിറകു്
വെട്ടിപ്പൊളിച്ചുു് വേഗത്തി-
ലായൊരു കുമ്പാരം കൂട്ടേണം!
കാലത്തുരുണ്ടു് പിരണ്ടു്കിടക്കയിൽ
ക്ഷീണിച്ചുവാഴുന്ന—കനക
കുമ്പാരമാം മുതലാളിച്ചിയെ
മെല്ലെ തൊട്ടുവിളിക്കേണം

മാളികയിൽനിന്നാമാംസക്ഷണത്തെ
മെല്ലെയിറക്കേണം—പതുക്കെ
മാലൊന്നും കൂടാതെ കുളിമുറി
വാതുക്കലാക്കിക്കൊടുക്കേണം.
എണ്ണിയാലറമില്ലാതുള്ള വാർത്തക്കു്
മൂളുന്നതും ബോറു്—കുളിപ്പാൻ
എണ്ണപുരട്ടിക്കൊടുക്കുന്ന നേരത്തോ
പാത്തുനു് ബേജാറു്
ബേജാറാണെങ്കിലും പോട്ടെ പടച്ചോനെ
കാലം കഴിക്കണ്ടെ_വിശന്നു്
ബേജാറിലാകുന്ന കഞ്ഞുങ്ങൾ
ക്കെങ്കിലും കഞ്ഞികുടിക്കണ്ടേ,
കഞ്ഞിയും, ചോറും കലംനിറച്ചായാൽ
കണക്കു്പൊറുക്കുമോ?—വിശപ്പാൽ
കാളും വയറിന്നു മോന്തിക്കുടിക്കുവാൻ
തഞ്ചങ്ങളൊക്കുമോ?
"തുക്കംകണക്കും"മുതലാളിച്ചിക്കതി-
ലെന്നും കണിശമാം-കറുപ്പു്
തുക്കത്തിലേറിയാലന്നവിടത്തിൽ
കതിനമുഴക്കമാം
ഈവിധം അല്ലൽ പെരുത്തുള്ള ജീവിതം
പാത്തുകഴിക്കുന്നു-ദിനവും
രാവു്മയങ്ങിയാൽ കഞ്ഞികുടി-
വുമായു് പാത്തു നടക്കുന്നു
ചെറുപ്പുരക്കകത്തുണ്ടു് രണ്ടോമന
നാമ്പു്കിടക്കുന്നു—വിശപ്പാൽ

ഒട്ടിയ പള്ളകം നട്ടെല്ലോടൊപ്പമായ്
പററിക്കിടക്കുന്നു
പെററമനസ്സുതു് കണ്ടുപൊറുക്കുമോ
വാരിയെടുക്കുന്നു-മക്കളെ
തൊട്ടതലോടിക്കൊണ്ടക്കഞ്ഞി
യൊക്കെയും കോരിക്കൊടുക്കുന്നു
നെററിവിയർപ്പുണ്ടതിലെങ്ങളുമ്മാന്റെ
മേന്മകിടക്കുന്നു--എന്നപോൽ
കുട്ടികളക്കഞ്ഞിയാത്തിയോട-
പ്പടിമോന്തിക്കുടിക്കുന്നു.
ഓക്കുകിലൊട്ടും പ്രകാശംലഭിക്കാത്ത
ജീവിതം നീങ്ങുന്നു--ഇരുളിൽ
ഓത്തോത്തുപാത്തുവും മക്കളും
അങ്ങിനെ ചൂളിക്കിടക്കുന്നു.

* * * *

പല്ലുകിക്കട്ടിലിൽ പഞ്ചണമെത്തയിൽ
മേടയുറങ്ങുന്നു--സുഖത്തിൽ
പാവങ്ങളായിരം ചിറതയിൽ
പ്പെട്ടുനുറുങ്ങിക്കഴിയുന്നു
ചെററക്കുടിലിന്നു പൊട്ടിക്കരയണ്ടെ-
മേടചിരിക്കുവാൻ--കഠിനം
ചെഞ്ചോരവററിച്ചു പാവങ്ങടം
കേഴണ്ടെ മാളികപൊങ്ങുവാൻ!
മാളികകൊള്ളും കൂളിർകാറു് പാവത്തിൻ
ചൂടുള്ളവീർപ്പല്ലെ! വിശപ്പിൽ
കേളികളാടുന്ന നാണയംനിസ്വരിൻ
രക്തക്കണമല്ലേ!

പട്ടുവിരിച്ച പൂമെത്തയിലെന്നുംപനിനീർ
തെളിക്കേണം—അതിന്നു
നെറിത്തടത്തിൻ വിയർപ്പുകണങ്ങളാ
പാവങ്ങൾ പിന്തണം.
എന്നാലുമെന്നാലും ലോകത്തിൽ നീതി
മനുജക്കെതിരല്ലേ!—ഭൂവിയിൽ
ഇന്നാനിയമത്തിൻചുറ്റിലും പട്ടികൾ
ചൂഴ്ന്നിരിക്കുന്നില്ലേ!
നിർദ്ധനലോകമേ! നിൻയുദ്ധകാഹളം
വേഗമുയരട്ടെ—ക്ഷണമിൽ
നിർദ്ദയന്മാരിൻ ശിരസ്സുകൾ
നീതിതൻ മുമ്പിൽ കനിയട്ടെ!
മർദ്ദിതലോകമെ! നിൻകരവാളൊരു-
മിച്ചൊന്നയരട്ടെ—നിരന്നു്
മർദ്ദകന്മാരുംകിടിലത്താൽ വന്നങ്ങു്
കൈകൂപ്പി നിൽക്കട്ടെ!
സത്യവും, നീതിയും, ധർമ്മവും മായ്ച്ചതാം
കാർമേഘം നീങ്ങട്ടെ ശുഭമാം
മൺപുരിൽ നീയിപുലർത്തും സുപ്രഭാതം
പൊട്ടിവിരിയട്ടെ!

(രീതി:— "അണവായിരുൽ.... അമീൻ.....")

വിരിയുന്ന മൊട്ടാകും ആമിനക്കുട്ടി
പരിചിൽവളരുന്നൊരോമനക്കുട്ടി
ചിരിതൂകിയോടിക്കളിക്കുന്നനേരം
പിരിയാതെ പിന്നിൽ തുണ രണ്ടുപേരും.
വരിയൊത്തു മമ്മാത്തു പാടിക്കൊട്ടക്കും
തരമൊത്തു മമ്മാലി താളംപിടിക്കും

പൂരികക്കൊടിയിണ കോട്ടിപ്പിടിക്കും
കരംകൊട്ടിയാമിന തുള്ളിക്കളിക്കും.
പടമൊപ്പിച്ചങ്ങിനെ മൂവരും തുള്ളും
പുതുമാകലന്നാ മനസ്സുകളം തെള്ളും.

പലതും കളികളം തരംപോലെ മാറും
പലഹാരക്കാരിയായ് മമ്മാത്തു കേറും
ചിലതെല്ലാം ആമിന വാങ്ങിക്കഴിക്കും
നിലവിളിയന്നേരം മുറത്തു് കേറിക്കും
തലയാട്ടിയൊന്നവം മൂളിക്കൊടുക്കും
പലഹാരം രണ്ണണ്ണം കയ്യിലെടുക്കും
വിലപിച്ചു മമ്മാലി നൊണ്ടിയടുക്കും
അലിവോടെയാമിന പിച്ചകൊടുക്കും.
അതുവാങ്ങി മമ്മാലി നൊട്ടിനുണക്കും
അതുനോക്കിയാമിന വീപ്പൊന്നായക്കും!

കളികളം പലതുണ്ടിവക്കൊത്തുചേരാൻ
കൂളിരേകും 'മാപ്പിളവീടരു'മാവാം
കളിമണ്ണരിയാലെ ചോറൊന്നുവെയ്ക്കും
തളിരിലപൊട്ടിച്ചു് പപ്പടമാക്കും
കിളിമലർ പിച്ചിക്കഷണം നുറുക്കി
തെളിവെള്ളം കൊണ്ടൊരു കൂട്ടാനുമാക്കി
കൂളിരേകും മാരനെ യാമിനകാക്കും
കളിതന്നെയെങ്കിലും ചിത്തം തുടിക്കും!
ചൂടുതിയ്യിൻ ചാരത്തു് മമ്മാത്തുനില്ക്കും
അടിപൊള്ളും ഭീതിപോൽ കല്പനകാക്കും!
അതുനേരം കുറെറാന്നനക്കുന്നു, കേറിക്കും
അതുതന്നെ മമ്മാലി, മാരൻ അടുക്കും

അതുപൊഴുതാമിന ചാടിയെണീക്കും
വധുപോലെ നാണിച്ചു, നാണിച്ചുനിൽക്കും
ഉടനെ മുഴങ്ങും അകത്തിന്നൊരൊച്ച
"അടികൊള്ളും മോളെ നീയിന്നികളിച്ചാൽ!
കുടിയും, തറവാട്ടമില്ലാത്ത പേച്ച്
തടിയനെ 'മാപ്പള'യാക്കിക്കളിച്ചാൽ...."
'മാപ്പളവീടരു'മായ വിനോദം
ഒപ്പം ഒരു നാഠം കളിക്കുന്ന നേരം
ഇടിനാദംപോലുള്ള ശബ്ദം കേട്ടത്തു്
വെടികൊണ്ട പന്നിപോലുമ്മായടുത്തു്
കഠിനത്തിൽ കയ്യിൽ പിടിച്ചുവിലക്കി
കുടിലതയൂറും മുറിക്കുള്ളിലാക്കീ!
ചതിപറഠി യാമിന വിങ്ങിക്കരഞ്ഞു
ഗതിയോത്തു് മമ്മാലി പൊട്ടിക്കരഞ്ഞു
അതുകണ്ടു് മമ്മാത്തുവിൻ കൺകലങ്ങി
ഗതിയറഠ പെണ്ണല്ലെ മുറത്തിറങ്ങി
മുതലാളിച്ചിക്കുള്ള കോപം ഭയന്നു
മതിയാക്കി കുട്ടികൾ രണ്ടും നടന്നു
കതിരോൻ കടലിൽ കുളിപ്പാനിറങ്ങി
പതിതക്കിടാങ്ങളിരുപേരും നീങ്ങി.
അകമൊന്നിലാമിനയൊറഠക്കിരുന്നു്
പകലിൽ വിനോദങ്ങളോത്തു കരഞ്ഞു!
പിരിശപ്പുമാരൻ അണഞ്ഞുള്ളനേരം
ഒരുപിടിയന്നം കൊടുക്കാത്ത ഭാരം
കരളിൽ കനത്തഞ്ഞയരുകയാണു്
തിരമാലപോലെയലറുകയാണു്.

"ഒരുവേളയിന്നീകളിക്കുന്നനേരം
തരുവല്ലൊ ഞാനും നിനക്കന്നു ചോറു"
തരമേവം പൂത്തിൻ നിക്കയ്ക്കും സമയം
കരംപററിയുമ്മാ പറഞ്ഞു സഭയം.
"മകളെ! നിനക്കിത്തിരിച്ചോറു വേണ്ടെ?
മുഖമൊന്നുയർത്തു ഞാൻ വാരിത്തരട്ടെ?"
മനം നൊന്തവളങ്ങിരുന്നുകൊടുത്തു
നിനവാലവർതൻ കവിൾകളും തുടുത്തു
കനവല്ല മമ്മാലി പോയുള്ള രംഗം
മനമിന്നണുവോളം മായാത്ത രംഗം
അതിലുണ്ടവർക്കെന്നു മോർത്തുകരയാൻ
അതിരില്ല ദുഃഖം അടത്തിക്കളയാൻ!
മതിയെന്നരച്ചവളോടി മറഞ്ഞു
അതിവേഗം കട്ടിലിൽ ചെന്നു മറിഞ്ഞു
സ്ഥിതിയോർത്തവളുടെ കൺകളും നിറഞ്ഞു
ഗതിയുണ്ടോ, മമ്മാലിക്കോർത്തു കരഞ്ഞു!
അല്പനേരം ഉമ്മ "നീ പോയിക്കിടന്നോ!
മതിയോ നിനക്കെത്തുറക്കം വരുന്നോ...?"
ഒരു മുല്ലപ്പൂവിന്നിതളം പോൽ മയങ്ങി
വിരിയുന്ന പൂവ്വാമവളോർത്തുറങ്ങി
അകം തന്നിലൊട്ടിപ്പിടിച്ചുങ്ങു നിന്ന
പകലിൻ വിനോദം കനവിൽ *നളത്തു
ഒരു വക്കു പൊട്ടിയ ചട്ടിയുമായി
വരവാണു മമ്മാലി ക്ഷീണിതനായി
കരയുന്നു, കണ്ണീരവരൊന്നടക്കി
ഉരുകും സ്വരത്തിലപേക്ഷിച്ചുനോക്കി

* കണ്ടേ

"ഒരു നേരമുണ്ണാൻ ചോറു തരുമോ?
ഒരു പാള കഞ്ഞെങ്കിലും തന്നിടുമോ?"
കരം നീട്ടി പിച്ചക്കു പാട്ടിയും കാട്ടി
കരയുന്നു വീണ്ടും അവൻ കൽബു പൊട്ടി
ഇതു കണ്ടിട്ടാമിനയോടിയണഞ്ഞു
കദനം പൊറുക്കാതെ പൊട്ടിക്കരഞ്ഞു
"അതുവേണ്ട, ചോറു ഞാൻ തന്നീടുമല്ലോ
മതിയാകുവോളം വെയിച്ചിടാമല്ലോ...."
ഇതു ചൊല്ലിയാമിന പൊത്തിപ്പിടിച്ചു
മധുരാധരം വണ്ടുപോൽ മാറത്തണച്ചു!
കദനം സഹിക്കാതെ തേങ്ങിക്കരഞ്ഞു
വിധിയെത്ത മമ്മാലി വിങ്ങിക്കരഞ്ഞു
ഉടനെ മുഴങ്ങുന്ന കത്തിന്നൊരൊച്ച
അടികൊള്ളും "മോളെ നീയിന്നിക്കളിച്ചാൽ
കുടിയും തറവാടുമില്ലാത്ത ചേച്ച
തടിയനെ 'മാപ്പിള' യാക്കിക്കളിച്ചാൽ....."
ഇടിനാദംപോലുള്ള ശബ്ദം കേട്ടത്
വെടികൊണ്ട പന്നിപോലുമ്മായട്ടത്
കഠിനത്തിൽ മമ്മാലിയിൻ കാതുനുള്ളി
പിടിവിട്ടിടാതെ പുറത്തേക്കു തള്ളി!
"അള്ളള്ളോ! വേണ്ടുമ്മാ, പാവം മമ്മാലി
കൊല്ലല്ലീൻ, ഞാമ്പോകണ്ണീംബട്ടോളീ."
അല്ലൽപെരുത്താമിന ശബ്ദമിട്ട്
എല്ലാവരും കേട്ടറക്കീന്നു ഞെട്ടി
ഞെട്ടിയവരൊക്കെയും ഓടിവന്നു
കൂട്ടി കരഞ്ഞും വിരിപ്പിലിരുന്നു,

അകംതന്നിലൊട്ടിപ്പിടിച്ചങ്ങു നിന്ന
പകലിൻവിനോദം കനവിൽ പുലമ്പ!
("ബദറൽഹുദാ....." എന്ന രീതി)
പുലരുവതായ് നാളകഥം,
പുതുപുതുതായോരോരോ
പല കളി കണ്ടാനന്ദപ്പുതുമ
നുകർന്നേ—പലരിലും
പുളകമുതിത്താമിനക്കുട്ടി വളർന്നേ!
കുളിർമണിയായ് കണ്ണിൻെറ,
മലർമകളായ് കൽബിൻെറ
കിളിമൊഴിപോലാനന്ദത്തെളിമയും
വാക്ക്—അകമതിൽ
കുളിരു് കിളർത്താകവെ കേട്ടിട്ടും ചേക്കു!
'കനിമകളേ ബാപ്പാൻെറ,
കരളിമകളെ കേൾക്കട്ടെ
മണിമൊഴികഥം ഓരോന്നെൻ കൽബ്
തണുക്കാൻ—മൊഴിയവ
കനിവുനിറഞ്ഞാശിച്ചു വിനവിട്ടും ചേക്കു
തനിമധുവൂറും മട്ടിൽ,
തെളിമൊഴിക്കൂറും കൂട്ടി
ഉണയിരുപേരുണ്ടെങ്കിൽ
പാട്ടുകളാട്ടം—പലതരം
നിനവുകളിന്നൂറുന്ന ഓളികളിയോട്ടം!
വടിവുപോലാമിന,
വളരവെയാനന്ദത്തിൽ
ചൊടിയുടനേ, കൊല്ലങ്ങൾ

ആറുതികഞ്ഞു-ഒരു ദിനം
വടിവുടനെ, 'ഉമ്മാച്ചു' വന്നു പറഞ്ഞു!
ഇത്രമതിയോ ഞമ്മക്കു്,
ഇനി മകളെക്കൊണ്ടാക്കീൻ!
കഥയിതു വല്ലാത്തുള്ളൊരു
കൊമ്മലതന്നെ-മതിയിനി
മതികളി ചെന്നോതട്ടെ ഓളു് വളന്നേ....!
* ബർപടയും, * മാലകളും,
ബളമ്പെരും * ബൈത്തുകളും
വിധവിധമാം പാട്ടുകളും
പലതരമോക്കീൻ—തിരുമത
*മദ്ഹു് പഠിച്ചിട്ടോളു് വളരണംനോക്കീൻ....!"
(രീതി:— "തോങ്കൽ.....")
"നോക്കീൻ! ഇനിയൊട്ടും മടിച്ചുകൂടാ
നോട്ടം പിഴച്ചാലൊ പഠിപ്പിച്ചൂടാ
നന്നായു് പഠിപ്പിക്കും അയമ്മുമൊല്ലാA
നാളെ മുതൽക്കങ്ങോട്ടയക്കാമല്ലൊ.
ഒറക്കയെക്കുവാൻ ഭയം എന്നാലു്
കുട്ടിക്കൊരു ഉണ മതി മമ്മാലി
പൊട്ടക്കഥയോരോന്നവനരക്കും
കഷ്ടം അറിയാതെയവൻ നടക്കും....."
ഉരകേട്ടിതുവിധം പറഞ്ഞു ചേക്കു
"ശരിയാണഖിലം നീ മൊഴിഞ്ഞ വാക്കു്
B ബുദ്ധാ, കസീദയും പഠിപ്പിക്കേണം
C ഖുർആൻ കുറഞ്ഞാലും അറിഞ്ഞിടേണം
താനം, തറവാട്ടം നിലനിറുത്താൻ
വേണം കുറച്ചൊക്കെ പഠിപ്പിന്നോത്താൽ

* ചില സമുദായ കൃതികളും A അദ്ധ്യാപകൻ
B ചില സാമുദായിക കൃതിയും C വി: ഖുർആൻ

അതിനാലിതിനൊട്ടും മുടക്കമില്ലാ
മതിയോ കരളെ! നിർമുഖം മങ്ങല്ലാ.....”
പാണിതലത്താൽ താടിയിൽ പിടിച്ചു
നാണം കുണുങ്ങീട്ട് ചിരിച്ചുമ്മാച്ചു
“മൂരി” മുഖത്താൽ മണത്ത് പോക്കു
നേരം ശരിയല്ലാ _ പൊയ്ത്തോക്കു.....!
(“പൊങ്കിമൊഴിക്കവൻ.....” എന്ന രീതി)
നോക്കുന്ന നേരത്തു വാതില്പുൽ—പാത്ത്
നിൽക്കുന്നണ്ടാമിന ‘സ്നേഹിക്കൽ’
‘ഉമ്മാ’ എന്നൊരു വിളിച്ചാളെ—കുട്ടി
ഉമ്മാച്ചു ഞെട്ടിപ്പിടഞ്ഞാളെ!
“അയ്യയ്യേ, മാനക്കേടായാഞ്ഞി _ മേളെ
ഇജ്ജന്തമുണ്ടാതെ പോന്നാഞ്ഞീ?
മമ്മാത്തുൻറുപ്പും കളിച്ചുടെ-കുട്ടി
മമ്മാലിയും പാട്ട് പാടലേ?
പിന്നെന്തേ മോളിങ്ങ് വന്നാഞ്ഞീ- ഇൻറെ
പൊന്നല്ലേ പോയിക്കളിച്ചാണ്.....”
കാമനിച്ചുമ്മാച്ചു പൊന്നാളെ—അപ്പൊ—
ളാമിനക്കുട്ടി മറുത്താളെ.
മോഹം മുതിരുന്ന നേരത്ത്—വന്ന—
“ലോഹ്യം – ഇജ്ജന്തുണ്ണി പോകാത്തു.....?”
മാസം പതിനാല് പൊന്നാലെ—ഒന്നു
ആശാവിടരു കൊതിയാലെ
അന്നേരംവന്ന തകരാറ്—പെയ്താൽ
നന്നല്ലെ, എന്തൊരു ബേജാറ്!
ആരെങ്കിലും പേയ് പിടിച്ചാണീൻ—കാളെ
നേരം പോണല്ലോ പടച്ചോനേ!

മിണ്ടാതെ പേക്കയിരിക്കുന്നു—അപ്പോൾ
വീണ്ടും ഉമ്മാച്ചുവുരക്കുന്നു
"ഉമ്മാകുറച്ചിങ്ങിരിക്കട്ടെ—മോള്
മമ്മാലീടൊപ്പം കളിച്ചാട്ടെ
ഒപ്പം കളിച്ചുണ്ണി പാടിക്കൊ—നല്ല
മാപ്പിളവീടരുമായിക്കൊ....."
'ആയിക്കൊ' എന്നുള്ളുരകേട്ട്—നിന്നു
ആമിനക്കുട്ടി തലയാട്ടി
'മമ്മാലീടൊപ്പം കളിച്ചാലു്—അപ്പൊ
ഉമ്മാ വണ്ട്ന്നെ തച്ചൂലെ?
ഒപ്പം ഞാനിഞ്ഞി കളിക്കുല ഞങ്ങ
മാപ്പിളവീടരുമാകുല..... !"
എത്ര പറഞ്ഞാലും പോകാതെ—കുട്ടി
"കന്തം പിടിപ്പിച്ചു" രണ്ടാളെ
ഉമ്മാക്കരിശം മുറുകുന്നു—കുട്ടി
ചുമ്മാ നിന്നങ്ങു് പറയുന്നു
"പോകുല, പോകുല ഞാനുമ്മ—ഇന്നു്
പോകാൻ പറയല്ലീൻ പൊന്നുമ്മാ...."
കണ്ടൊ പെരുത്ത മുഹബ്ബത്ത്—വന്നു്
രണ്ടാൾക്കും മാറിയ നേരത്തു്
കുട്ടി വന്നിങ്ങനെ നിന്നാലു്—ബഹു
കഷ്ടമാകുലെ പറഞ്ഞാ നിൻ!
കഷ്ടമൊ, ഏറ്റം തകരാറു്—പക്ഷെ
കുട്ടിക്കറിയുമോ ബേജാറു്!
ഉമ്മാച്ചു വീണ്ടും പറയുന്നു—"മോളെ
മമ്മാലിയന്നെ വിളിക്കുന്നു്

കഞ്ഞോള് പോയിക്കളിച്ചാളെ-ഉപ്പ
മാഞ്ഞാളം കാട്ടിയാതച്ചാളം!
തോപ്പിന്നകത്ത് പോയ്ക്കൂടിക്കൊ-നിങ്ങടം
മാപ്പിളവീടരുമായിക്കൊ
ഉമ്മ ഒരിക്കലും തല്ലുല-മോള്
മമ്മാലീടൊപ്പം കളിച്ചാലേ.....!"

കുട്ടിയതു കേട്ടിട്ടോടിയേ-വാതിൽ
കൊട്ടിയടച്ചവർ കൂടിയേ!

(രീതി:— "ആകാശം ഭൂമി.....")

കൂടിയവർ രണ്ടും ആമിനക്കൊത്തു മമ്മാലി
കോട്ടം അറിയാതെ ഒപ്പം ചെന്നു പഠിപ്പായി
ജോടി പിരിയാതിരുപേരും പോകുംനേരത്തു
ചോടിക്കും 'ഞാനും വരട്ടെ' എന്നപ്പോൾമമ്മാത്തു
മമ്മാലിയപ്പോൾ വിഷണ്ണനായങ്ങ് നിന്നീടും
മമ്മാത്തു, ഉമ്മാനെ നോക്കിക്കണ്ണീരൊഴുക്കിടും
പള്ളിക്കൂടത്തിൽ പഠിക്കാൻ പോകാനുള്ളാശയാം
പാവങ്ങൾക്കെന്തിലും മീതെ നീറും നിരാശയാം!
പൂതികളായിരം മൊട്ടുകളായുയർന്നിടും
പാതിവിരിഞ്ഞവ വേഗം വീണു കരിഞ്ഞിടും!
മമ്മാത്തുനുണ്ടിപ്പോൾ ചെയ്യാൻ ജോലിയവിടത്തിൽ
ഉമ്മാക്കൊരാളിൻ സഹായമായല്ലൊ കൂട്ടത്തിൽ!
കഞ്ഞിയും മോന്തിക്കലംകഴുകും പാരമ്പര്യം
കാലം മുഴുവൻ നിലനിറുത്തുന്ന താല്പര്യം
നാടുഭരിക്കുന്ന കാലത്തുണ്ടൊ വിമോചനം!
നാട്ടെല്ല് പൊട്ടിത്തകരുന്നോർക്കുണ്ടൊ മോചനം!

കീറ്റിശിപായിപ്പണിപോൽ മമ്മാലിക്കൊന്നുതാൻ
കൂട്ടിയെകൊണ്ടാക്കികൊണ്ടുപോരുന്ന ജോലിതാൻ

കൂടെ പഠിച്ചോട്ടെന്നുള്ള മാനുഷചിന്തയാൽ
പാഠത്തിന്നാദ്യക്ഷരമെങ്കിലും കുറിക്കുവാൻ
ഒറക്കടലാസ്സ് തുണ്ട് പോലും കൊടുക്കുവാൻ
കഷ്ടം, മാചേക്ക മുതിരുന്നില്ലെന്നതോർക്കുവിൻ!
പാവങ്ങൾക്കില്ലേ പഠിക്കാനാഗ്രഹം ചിത്തത്തിൽ!
പാപം വഹിക്കുമീനീതി യേതു പാഴ്ഗ്രത്തിൽ!

എന്നാലുമുണ്ടൊരു മെച്ചം മമ്മാലിക്കായിപ്പോൾ
നന്നായിക്കഞ്ഞികുടിക്കാം നേരം പുലരുമ്പോൾ
ആമിനക്കുട്ടിതൻ കാവൽക്കാരൻ അവനല്ലെ;
'ഓമനപ്പൂച്ചി'ന്നും നേത്തെയോടുവാൻ പോണല്ലോ!
കുട്ടിയോമമ്മാലിക്കേകാതൊന്നും കഴിക്കുലാ
വിട്ടുപിരിഞ്ഞവളൊട്ടനേരം പൊറുക്കുലാ
പത്താം വയസ്സിൽ പുളച്ചുനിൽക്കുന്ന മമ്മാലി
പാത്താലുഷാറും, ചൊടിയും വാത്കരുത്തായി
പക്ഷെ, പഠിപ്പൊന്നും കിട്ടുവാൻ വഴികണ്ടില്ല
പക്ഷം വിടത്തിപ്പുറക്കാനായിക്കരുത്തില്ല
എങ്കിലുമെന്നെന്നും കാണുമാചെറുബാലനെ
ചൊങ്കിലാമൊല്ല വിളിച്ചുണച്ചു പറഞ്ഞാനെ
"മോനെ, നീയൊന്നും പഠിക്കാതെ വന്നുപോകണ്ട
ഞാനുണ്ടിവിടെ നീയൊന്നുമോതാതെ നില്ക്കുണ്ട"
ഏവംപറഞ്ഞാവയസ്സൻ മൊല്ലപഠിപ്പിച്ചെ
പാവം മമ്മാലിതൻ ആശാസ്യനം വികസിച്ചെ!

(രീതി:— "അടൽ ഏറാം [കൊമ്പ്].....")

വികാസത്തിൻ വെളിച്ചത്തിൽ
രജനികൾ കടന്നുപോയ്
വികസിക്കും കരളുകളിണങ്ങിപ്പോയി—സ്നേഹ
വികാരതന്ത്രികളാലെ പിണഞ്ഞുപോയി.

കരം കോത്തിട്ടിരുപേരും കവിതകളം ഉരുവിട്ട്
കരളിൻെറയടിത്തട്ടിൽ കുളിർവിരിത്തിട്ട്നോക്കി
കരിമിഴികളാലമ്പ് തൊട്ടുത്തുവിട്ട്.
നടക്കുന്നതടങ്ങളിൽ പുളകങ്ങളം വിതറിയും
നടവഴിക്കരികിലെ മലർകിള്ളിയും-പാടി
നടക്കുമ്പോഠം ഇരുപേരും കവിഠം നുള്ളിയും!
പരിഹാസം പറഞ്ഞവർ ഇരുപേരും ചിരിതൂകും
പരിഭവിച്ചുടനങ്ങ് പിണങ്ങിപ്പോകും-വേഗം
പരിചോടെ വിനോദത്തിലിണങ്ങിച്ചേരും.
ബുദയും, *ബദർമാല, പല *മൈത്തും, ബദർപാട്ടും
$ബദക്കത്തിനുരുവിട്ടും ടികുഠം മറഠം-കേട്ട്
£"ഫറ്ഹ"ത്തായുടൻ മാതാവണച്ചുപൂട്ടും!
"കരളായ മകളല്ലെ, കളിയായ മലരല്ലെ
കരളിന്ന് കുളിരേകും തളിരുമല്ലെ എൻെറ
കരളേ-" എന്നുരച്ചവർ കവിളിൽ നാറഠം!
ഇതുപോലെയിരുവഠ്ഷം കഴിഞ്ഞൊരു ടിവസത്തിൽ
ഹിതമാലെ സകലരും പുറത്തളത്തിൽ-കൂടി
ഹിതമൊത്തു പല വാത്തയരെ നേരത്തിൽ
ഇരുപേർകളം ഉരയാടിക്കയറിക്കൊണ്ടുടൻ വന്നു
ഇരിക്കുന്ന സ്ഥലത്തുനിന്നെണീറ്റനിന്നു-ചേക്കു
ഇരിക്കുവാനവക്കിടം കൊടുത്തുനിന്നു.
വരവായോരൊരു സ്കൂളിൽ പഠിപ്പിക്കുന്നവരാണ്
വരവായതവർ 'സെൻസ്സർ' എടുപ്പാനാണ്-സ്കൂൾ
വയസ്സിൽ പെട്ടവരെത്രെന്നറിവാനാണ്.
പഠിക്കുന്ന വയസ്സിൽ പെട്ടവർ നാമംകുറിച്ചപിൻ
പഠിപ്പുള്ളോരവർ ചൊല്ലി"യിതുകേൾക്കുവിൻ-നിങ്ങൾ

*ചില സാമുദായികകൃതികൾ $ ഋണം £ സന്തോഷം

പഠിക്കുവാനിവരെയും അയച്ചീടുവിൻ.
മലയാളത്തറവാട്ടിൽ ജനിച്ച നമ്മുടെ മക്കൾ
മലയളം പഠിക്കാഞ്ഞാൽ വരും കുറകൾ-വിദ്യ
മലയാളി പഠിക്കാത്തോൻ പറഞ്ഞനുർകൾ
കുറക്കുറം അതിനു നാമിട നല്ലാതിരിക്കേണം
കുറവല്ലെ? ജനിച്ച നാടതിൻെറ മാനം-കാക്കാൻ
കുറവെന്തു? കിടാങ്ങളെ അയച്ചിടേണം!
അറിവില്ലാത്തതിനാലെ കുഴപ്പങ്ങൾ പലതരം
അറിവുണ്ടെങ്കിലൊ ലഭ്യം ഉയർന്ന പദം"-പേക്ഷ
അറിയുവാൻ കുറെ നേരം പറഞ്ഞീവിധം.
അവസാനം മകളേയും അയക്കാൻ സമ്മതമായി
അഭിമാന്യം കലർന്ധ്യാപകരൊന്നായി-നന്ദി
അതിന്നായിപ്പറഞ്ഞവരിറങ്ങിപ്പോയി!
പഠിക്കുവാൻ തുടങ്ങിയാമിനക്കുട്ടി ചൊവക്കോടെ
പഠനത്തിൽ കുറയാതെ തുണ്ണ്യം കൂടെ-കൂടി
പഠിച്ചവരിരുപേരും മടികൂടാതെ.
പലതരം കവിതകൾ അവൾ പാടിക്കളിച്ചീടും
പലപ്പോഴും കഥചൊല്ലിക്കൊടുപ്പാൻ കൂട്ടം-കേട്ട്
പലരും വന്നവൾ തൻ ചുറ്റിലുമായ് കൂടും!
"പലരോടും നിനയാതെയൊരു കായ്യം തുടങ്ങല്ല
പണംമോഹിച്ചൊരുത്തനെ ചതിച്ചീടല്ല"-പദ്യം
പിതാവു് കേട്ടിരുന്നിട്ട് ചിരിക്കും മെല്ലെ!!
വികൃതിയും പലതരം വിനോദങ്ങൾ"വരിവണ്ണെ"
തകൃതത്താളമിൽപാടിക്കളിച്ചുകൊണ്ട്-നാടകൾ
വികൃതിക്കുട്ടിയോടൊത്തു പുളച്ചുനീണ്ടെ.
ചലനംകൊണ്ടവരിലും അണിയിച്ച പുളകങ്ങൾ

പലച്ചിരംകണക്കെ നീങ്ങിടും വഷ്ങ്ങൾ-ഏഴ്
ചലിച്ചുപോയതും ഓർത്താൽ വെറും ചിരങ്ങൾ!
തരം അഞ്ചുപഠിച്ചവൾ മുടക്കമൊന്നണയാതെ
തറവാട്ടിൽവലിയോളായ്പണിയില്ലാതെപിന്നെ
തരമുണ്ടോ ഉണപോക്കും നിറത്തിടാതെ!
നിറത്തി പിൻചിതാവിന്നു ഉണയായി പല ജോലി
നിറത്താതെ പലതും ചെയ്തവൻ മമ്മാലി-ആര
നിറവേറാൻ അവന്നു് കിട്ടിടുമോ കൂലി!!

(രീതി: — "പെട്ട കൈവെസ്.....")

കൂലിലഭിക്കാത്ത ജോലികളായിരം
ആലിക്കുണ്ടത്തലത്തിൽ
കൂട്ടത്തിൽ മമ്മാലിയേറെറം സഹായ
മായിഷ്ടംപോലത്തരത്തിൽ
തോട്ടത്തിൽ വേലയും കൂട്ടത്തിൽ
കൃഷിയും, നോട്ടം പിഴച്ചിടാതെ
തോരമഴയിലും, നീറും വെയി-
ലിലും നേരം കളഞ്ഞിടാതെ
ചേലിലെടുത്തവൻ വേല മുഴുവനും
കൂലി ഗണിച്ചിടാതെ
ചേക്കുനൊരിക്കലും വാക്കു്
പറയുവാൻ തക്കം വരുത്തിടാതെ
തേട്ടത്തിൽ മമ്മാലി ഒട്ടുകിളച്ചു
പിൻനെറെറി വിയത്തിടവെ
'തോനെപ്പണിയുണ്ടോ? ഞാനും വരട്ടെ?
എന്നാരോയുരത്തിടവെ?
പെട്ടെന്നു നോക്കീടെ ഞെട്ടിപ്പിടി
ഞ്ഞവൻ നെറെറി തുടച്ചുടനേ!

പൂഞ്ചിരി ചെഞ്ചുണ്ടിൽ തഞ്ചിടും
ആമിന കൊഞ്ചി നിൽപ്പുണ്ടവിടേ!
മാമ്പിഴിയാളുടെ തേന്മൊഴി കേട്ടവൻ
കോൾമയിർ കൊണ്ടിടവേ!
മാരിവില്ലാമവൾ കോരിത്തരി
പ്പേകി മാറാതെ നിന്നിടവേ!
നിന്നിടും മമ്മാലി നിന്നിമേഷ
നായി ഖിന്നതയാന്നിടവേ
നീലനയനത്തിൽ ബാലതൻ,
സ്നേഹസലിലം നിറഞ്ഞിടവേ;
തണ്ടലരാക്ഷി തൻ കണ്ണമിട-
റിക്കൊണ്ടേവം ചോദിച്ചിടുന്നു.
"തണ്ടലൊടിയുന്ന കണ്ടപണി-
യെല്ലാം മിണ്ടാതെ ചെയ്യണമോ?"
"എങ്കിലും ആമിനേ!" സങ്കടം വന്ന-
വൻ തൻകണ്ണ് നിറഞ്ഞീടുന്നു
"എന്നാലും ഇങ്ങനെ...." എന്നു പറഞ്ഞ-
വൾ പിന്നെ നിറുത്തീടുന്നു.
(രീതി:— "തരികായെണ്ടരക്കന്തെറ്റുലാനെ.....")
നിറുത്തിപ്പിന്നവൾ മൌനം വെടിഞ്ഞാളെ
നെറുകയിൽ തലോടിക്കൊണ്ടരുത്താളെ
"മതിയാക്കൂ പണിചെയ്യും ഇനി നാളെ
മധുരമാം പലഹാരംതരാം ഞാനേ."
പറഞ്ഞവൾ അതിവേഗം മറഞ്ഞാളെ
പറന്നെത്തി പലഹാരമതും തോനെ
ഒരുമിച്ചു മരച്ചോട്ടിലിരുന്നാരെ
ഇരുപേരും ഒരുപോലെ ഭുജിച്ചാരെ

കനിവോടെ അവൾ നോക്കിപ്പറഞ്ഞാളെ
"പണിചെയ്യാൻ വരാമല്ലൊ ഇനി നാളെ"
പിരിശത്താലവർ രണ്ടും എണീറ്റാരെ
ചിരിച്ചുകൊണ്ടിരുപേരും പിരിഞ്ഞാരെ
പിരിഞ്ഞവൻ വയലിലേക്കിറങ്ങിയെ
പിതാവിനെയവിടത്തിൽ തിരക്കിയെ
പതിവിൽ കാളകൾ മേഞ്ഞുനടക്കുന്നു
പിതാവില്ല, അവൻ തേടി നടക്കുന്നു.
നടന്നവൻ ഉറക്കനെ വിളിച്ചാനെ
ഞെരക്കമൊന്നതു നേരം ശ്രവിത്താനെ.
ഉടനുടനവനോടിയണഞ്ഞാനെ
ഉടൻ നെഞ്ചിക്കടിച്ചവൻ കരഞ്ഞാനെ!
വരമ്പിലെച്ചെളിയിൽ കാൽവഴക്കിയെ
വയലിൽ വീണതാലെല്ലു് നുറുങ്ങിയെ
കിടക്കയാണവനപ്പയെണീക്കാതെ
കിടുകിടെ വിറയ്ക്കുന്ന തടിയാകെ!
കരഞ്ഞുകൊണ്ടവനാത്തു വിളിച്ചാനെ
കുറെ പേർകളതു കേട്ടിട്ടണഞ്ഞാനെ
ഒരുമിച്ചുഞ്ഞെട്ടത്തവർ നടപ്പായി
പുരക്കെത്തി-അതിൽ ആലി കിടപ്പായി
(രീതി:— "തോങ്കൽ.....")
കിടപ്പായു് ചികിത്സക്കു് വഴിയുമില്ല
കുടിലൻ മുതലാളിക്കലിവുമില്ല
തടിയും ജലവുമാഴ്ചയിഞ്ഞ നാളിൽ
തടിയൻ മുതലാളിക്കയിരാം ആലി
ഉയിരും, ചുട്ടചോര പിഴിഞ്ഞുഞെക്കി
ഉയർന്ന മണിമേട പനിനീരാക്കി

തടിയർ കിടക്കയിൽ ഞെളിഞ്ഞിരിക്കുന്നു
കുടിലേ നിലം പൊത്തിക്കിടന്നീടുന്നു
വിയർപ്പിൻ കണം ആലി നിലത്തിൽ ചിന്തി
ഉയർപ്പിച്ചനേകം നാമുകഠം ഈ മന്നിൽ
മണ്ണിൻ മകൻ ആലി മരിക്കാറായി
മണ്ണിൽ തൊടാത്തോക്കു് സുഖിക്കാറായി.

കഷ്ടം പറഞ്ഞു് പോയ്ക്കൂടരഞ്ഞു പാത്തു
ഉഷ്ടൻ മുതലാളിയൊരിക്കൽ പാത്തു
തുട്ടു് കടച്ചെന്തോ കൊടുത്തന്നേരം
തുഷ്ടിമുഖത്തു് നാസ്തിയാമന്നേരം
പത്തുദിനം ആലി കിടന്നു പായിൽ
പാത്തു പണി ചെയ്യാതിരുപ്പുമായി
പകരം പണിക്കായി മകഠം മമ്മാത്തു
പകലൊക്കെയും പോയി കടമ തീത്തു
അല്ലും പകലൊന്നുമൊഴിയാ നാളിൽ
എല്ലു് ജലമാക്കി വരും മമ്മാലി
ആലിക്കവൻ ദേഹത്തഖിലം നീരു്
കാലിൻപുറത്തും കണ്ടിടൈ ഉന്നീരു്
രാവും, പകലുമായിരുന്നു പാത്തു
പാവം മനംനീറിക്കരഞ്ഞു കാത്തു
കഴിവൊന്നുമേയില്ല മരുന്നു വാങ്ങാൻ
കരുണയകത്തുള്ളൊരിതൊന്നു കാണ്മാൻ
ഇല്ല, വെറും ശൂന്യം മനുജനീതി
എല്ലാം കടംസ്വാർത്ഥം വെറും അനീതി
തുള്ളി ജലം പോലും ഇറക്കിടാതെ
എല്ലും തൊലിയുമായ് ചലിച്ചിടാതെ

ജീവശ്ശവമായിക്കിടക്കുന്നാലി
ജീവൻ അകലുന്ന മരണ*ഹാലിൽ
വിങ്ങിക്കിടക്കുന്ന പിതാവിൻ കാലിൽ
തേങ്ങിക്കിടക്കുവെ മകൻ മമ്മാലി
പൊട്ടിക്കരഞ്ഞ് ചൊന്നവൻ പൊന്നുമ്മാ
കഷ്ടം നമുക്കെത്തി വലഞ്ഞല്ലുമ്മാ
എല്ലാം വിധിപോൽ വന്നണഞ്ഞിടട്ടെ
Aകല്ലും സഹിക്കാൻ ഞാനൊരുക്കമാണേ!
ഏവം അവൻ ചൊല്ലിയിറങ്ങിപ്പോയി
രാവിൽ വിളകാക്കാൻ സമയമായി.
ബാപ്പ കിടക്കുന്നോരവസ്ഥയോർത്ത്
വഴിയിൽ നടന്നശ്രുകണമുതിർത്ത്!
ഇരുളിൽ പൊതിഞ്ഞൊക കൂടിൽ നിൽക്കുന്ന
തിരിയൊന്നകത്തിൽ മങ്ങിയും കത്തുന്ന
കരിയും കരളിൻറെ നെട്ടവീർപ്പു പോൽ
എരിയും കടിലിൻറെ ചുട്ടവീർപ്പു പോൽ
കത്തും പടുതിരിക്കട്ടത്തിരുന്ന
പാത്തു ജലം തൊട്ട കൊട്ടത്തിരുന്ന
ഒരു നേരിയ കാറ്റാ സമയം വീശി
തരുവും, ലത, സസ്യം തലയയത്തി
പെട്ടെന്നൊരു ശബ്ദം അതാ കേൾക്കുന്നു
പൊട്ടും കരളിൻ രോദനം പൊങ്ങുന്നു!
"കരളിൽ കനി, എന്നെപ്പിരഞ്ഞോ പൊന്നേ....!
ഇരുളിൽ കടിലിൻറെ ചലനം നിന്നെ!
കെട്ടിപ്പിടിച്ചു "പ്പാ" വിളി മമ്മാത്തു
പൊട്ടിക്കരഞ്ഞവൾ മുഖവും മുത്തി!
മാറത്തടിച്ചാത്തു കരഞ്ഞു പാത്തു
തരുവും, ലതയപ്പോൾ തലകീഴ് താഴ്ത്തി!

* സ്ഥിതിയിൽ Aഎല്ലാം

ഭാഗം 2

("ഉറപ്പിപ്പാനരുൾ കേട്ട്.....")

മണിമേടയ്ക്കകത്തൊരു മലർ മെല്ലെ വിരിഞ്ഞു
നിണംപോലെ തുടുപ്പേല്പും ഒളംകാറിലുലഞ്ഞു
മധുവൂറും മധുഹാസം മലർതന്നിൽ പൊടിഞ്ഞു
മധുരപ്പൊൻ പതിനേഴാമണിമാറിൽ പിടഞ്ഞു
മണിവീണ മതിൽക്കെട്ടിന്നകംതന്നിൽ വിതുമ്പി
കണമാകെയതിന്നുള്ളിൽ ഒതുങ്ങാതെ തുളുമ്പി!
കുളിർഗാനം തളിർചുണ്ടിൽവികാരങ്ങൾ നിരത്തി,
പുലർകാലപ്പൊലിമതൻ നറുംശോഭ പരത്തി!

നിലാവാൻ രജനികൾ കനവുകൾ വിടത്തി
ചലനംകൊണ്ടിട്ടം ഹൃത്തിൽ പരിമളം പരത്തി
കുളിത്തോപ്പിൽ തനിത്തങ്കക്കിനാവുകൾ വിലസി
കുളിപ്പൂട്ടും നവസ്വനം കുണുങ്ങി നിന്നരസ്സിൽ
പവിഴച്ചുണ്ടിണയിൽ ചുംബനങ്ങൾ പാഞ്ഞൊളിച്ചു
നവനീലനയനങ്ങൾ കവിതകൾ കുറിച്ചു
പൂമുകൾ നുകർന്ന പുഞ്ചിരി ചുണ്ടിൽ കളിച്ചു
പൂമോഹം കവിൾത്തട്ടിൽ മഴവില്ല് വരച്ചു
കരളിലും ലളിതകോമള മോഹമുതിർന്നു
കരിമിഴികളിൽ സ്വപ്നച്ചിറകുകൾ വിടർന്നു!

നെടുവീർപ്പാലലിയുന്ന കുടിലിന്റെ കരളിൽ
തുടിപ്പേറിക്കടിപ്പൂട്ടാൻ വിതുമ്പിയ മുരളി
മുരളിതൻ സ്വരധാരമതിൽക്കെട്ടി തുളച്ചു
ഒരു രാഗതിരമാല കുടിലിലേക്കൊലിച്ചു.

മുഹബ്ബത്തക്കടലിന്റെ തിരമാലയുയർന്നു
മുഹബ്ബത്തിൽ ഇരുചിത്തം ലതകൾപോൽ പിണഞ്ഞു!

ചെറുപ്പത്തിലിണയൊത്തു് കളിച്ചവരണഞ്ഞു
തരിപ്പുട്ടും വികാരനെഞ്ചകകം തീരത്തണഞ്ഞു
കളിർമുല്ലമലർരണ്ടും ഇളംകാറ്റിൽ കുണുങ്ങി
കളമ്മകകം നകന്നൊപ്പം കരളുകളിണങ്ങി
മലക്കാവിൽ പറക്കും കോകിലം രാഗമുതിർത്തു
മനക്കാമ്പിൽ അവരോരോ മണൽകോട്ട പടുത്തു!

("മാരനെഞ്ചി....." എന്ന രീതി)

കോട്ടകകം മോഹങ്ങളിൽ പടുത്തുയർത്തി—കണ്ണിൽ
നോട്ടമിൽ പ്രേമക്കിനാക്കകം പൂവിടർത്തി
ആലിതൻ വേർപാടിലഞ്ചു് വഷ്മാലേ—പുതുൻ
വേലചെയ്തു വന്നിടവെ തോഷ്മാലെ.
ഇഷ്ടമാം മമ്മാലി തന്നെറ പേരിലാക്കും—ചേക്കു
കഷ്ടമില്ലാ ജോലിമാത്രമെ കൊടുക്കു!
ശക്തിയും, തക്കചൊറക്കും, ബുദ്ധിയോടെ—ഏറ്റം
യുക്തിവാദങ്ങകം കലർന്നു ബോധമോടെ
യൌവ്വനത്തിന്നെറ പൂളപ്പും മോടമാലെ—ചേർന്നു
ജീവിതത്തിന്നുത്സവം നടത്തിചാലേ!

നെല്ലുവിറ്റ കായ്ക്കുവും കണക്കുമെല്ലാം—വിട്ടു
തെല്ലുമേ പോകാതവൻ കുറിക്കുമെല്ലാം
പാട്ടവും, പലിശയൊന്നും വിട്ടിടാതെ—നെല്ലിൻ
നോട്ടവും മറവും അണുപിഴച്ചിടാതെ
മട്ടമിൽഏല്ലാം അവൻ കൊണ്ടുനടക്കും—തെങ്ങിൻ
തോട്ടമിൽ ചുറ്റിയവൻ നടന്നുനോക്കും.
തെങ്ങുകകം പരത്തിടും തണൽവിരിപ്പിൽ—ലേശം
തങ്ങിനിന്നിടുമവൻ കോരിത്തരിപ്പിൽ
തെല്ലിടപറന്നിടും കൺറ്റുറപാട്ടും—കൊച്ചു
തെന്നലേറ്റുകൊണ്ടു മൂളിപ്പാട്ടുപാട്ടും!

'പൊൻകരളെ, നീയെവിടെ മുത്തു"ബീവി!-പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത"ബീവി!
പൂമുഖം കണ്ടെങ്കിലും പൊറത്തിടട്ടെ- എന്റെ
പൂതിതിങ്ങും കൽബകം തണുത്തിടട്ടെ!''

ലോലമാമിക്കൊച്ചുഗാനം പൊന്നലയ്ക്കും-പ്രേമ
ലോല തന്റെ ഹൃത്തടം തുടിതുടിക്കും!
നേരിയ വസ്ത്രം ജനലിൽ നിന്നു നീങ്ങും—കൊച്ചു
പാരിജാതപ്പൂമുഖം തെളിഞ്ഞുകാണും!
പൂങ്കവിൾകൾ അരുണത്തിൽ മുങ്ങും-കോൽ
പൂതികളൊരായിരം വന്നെത്തിനോക്കും!
പൊൻകിനാക്കൾ കൺകളിൽതത്തിക്കളിക്കും-ചുണ്ടിൽ
പുഞ്ചിരിപ്പൂമലർ വിരിഞ്ഞുനിൽക്കും!
നിന്നിടും മമ്മാലി തരിപ്പുറം" നോക്കും—നീണ്ട
നീറിടും നിശ്വാസമൊന്നോടുങ്ങിയകലും!
രണ്ടുപേരും മിണ്ടിടാതെ നോക്കിനിൽക്കും-മോഹം
രണ്ടുപേരും കൺകളാൽ പറഞ്ഞുതീർക്കും!
മോഹമേറും കൽബുകം തുടിതുടിക്കും-പ്രേമം
സ്നേഹമാന്ന കണ്ണുകൾ നുകർന്നെടുക്കും
ചിന്തകളൊരായിരം ചിറകുയർത്തും-പൊങ്ങി
അന്തരീക്ഷത്തിൽ പറന്നു വേഗമെത്തും!
ഏത്തിടുംഹൃത്തിൽ മടങ്ങിത്തിങ്ങിനിൽക്കും-അപ്പോൾ
ചിത്തമാകെയും വിഷാദം മൂടിനിൽക്കും!
നിന്നിടും ചിന്തകളാൽ കൺകളും നിറയും-വേഗം
കണ്ണുതുടയാതെ രണ്ടാളും പിരിയും!

(രീതി— ''ഇരിഞ്ഞാവരടങ്കലും'')

പിരിഞ്ഞവർ ഇരുപേരും അടുക്കുവാൻ പഴുതില്ല
പിരിശത്തിൽ കടൽ * മോസ അടങ്ങുന്നില്ല-കണ്ണു

* തിരമാല

പറഞ്ഞു തീർക്കുവാൻ തക്കം ലഭിക്കുന്നില്ല
പതിനെട്ടിൽ പവിട്ടിയാമിന തങ്കക്കിളിപോലെ
പവിഴപ്പൂകൊടിതന്നെ കതിരു പോലെ—കണ്ടാൽ
പലരിലും പുളകം പൂട്ടിടുന്ന ഹാലേ.
"സ്വരം മൂളിപ്പറക്കും വണ്ടിറകൊത്തമുടിയോമ്പി—
ച്ചുറഞ്ഞു കെട്ടിടൈ വാൻമിനക്കിത്തേമ്പി മിന്നും
സുറമക്കണ്ണുകൾ വെട്ടിച്ചുരിച്ചു ചീമ്പി.
ചരിഞ്ഞും ചാഞ്ഞുലഞ്ഞാനച്ചുടാലെയടിവെച്ചു
പവിട്ടിയും തകൃതത്താളമിൻ കതിച്ചു—പോകും
സമയത്തിൽ മണിമാറിൽ തുടിതുടിച്ചും.
അരകുടങ്ങിടും ദേഹം കുളുമ്മക്കുട്ടിയാം മുത്തിൽ
അരിമാക്കോന്തലയിട്ടു ഞെറിഞ്ഞുടുത്തെ—മീതെ
അരഞ്ഞാളേലസ്സുംകെട്ടി വരുംനേരത്തെ
സരസിജത്തളം മാറിൽ മൂടിച്ച പൊപ്പകം രണ്ടും
ചമഞ്ഞുള്ള *കമീസൊട്ടിക്കുലുങ്ങിക്കൊണ്ടും—സ്വർണ്ണ
സരളപ്പൊൻ പവിഴംപോൽ ചുവന്ന ചുണ്ടും."
പകലും രാവുകൾ വേഗം കനവുപോൽ മറയുന്നു
പലരിലും പുതുമോഹം തലപൊക്കുന്നു—കെട്ടാൻ
പുതുമാരർ പലരും വന്നടുത്തീടുന്നു
തരമെല്ലാം അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടവൻ—നാളിൽ
കരിയുന്ന കരളുമായ് ടിനം മമ്മാലിപൊട്ടി
ക്കരഞ്ഞിടും പലപ്പോഴും ∫മജ്നൂൻഹാലിൽ
"കൊതിയുണ്ടെന്നകക്കാമ്പിൽ മലപോലെ കിടക്കുന്നു
വിധിയുണ്ടോ അതിനിപ്പോൾ വിലവെക്കുന്നു—ഒട്ടും
ഗതിയില്ലാത്തവക്കെന്തു കൊതി നില്ക്കുന്നു.
മനസ്സൊത്തോരിണങ്ങുവാൻമുടക്കങ്ങൾ പലതുണ്ട്

*കുപ്പായം. ∫ഭ്രാന്തനെപ്പോലെ

പണക്കൊന്നും വഴിതന്നിൽ തടസ്ഥമുണ്ട്–ലോകം
ധനത്തിലൊ മനസ്സിന്റെറയിണക്കം കണ്ട്"
പറഞ്ഞവനിതുവിധം മനസ്സുതിരുറച്ചൊന്നും
ഒരു കത്താമിനക്കുട്ടിക്കെഴുതാനന്നു–ചിത്തം
തുറന്നുകാട്ടിടുവാനും അവൻ മുതിന്നു.
മുതിന്നവനയച്ചുള്ള വ്യഴത്തിന്റെറ കരുത്തിനെ
മുഴുവനും കവിതയിൽ ഉരുത്തിട്ടന്നെ–വാത്തു
മുറപോലെയറിഞ്ഞുകൊണ്ടിടണമിന്നും.
'ചെറുപ്പത്തിൽചൊറുക്കേറിക്കളിച്ചെന്റെറയടുത്തെത്തി
കറുപ്പേറും കടക്കണ്ണിൽ കളിപകർന്നു–ചുണ്ടിൽ
തരിപ്പൂട്ടും പനീർപ്പൂപ്പുഞ്ചിരി വിടർത്തി!
മലക്കാവിൽകിളിക്കുന്ന മലരിന്റെറയിതൾപോലെ
കുളിർമുല്ല മലർച്ചെണ്ടിൽ കുളിർമ്മപോലെ–മന്ദം
ഇളംകാറ്റിൽ കുളിച്ചാട്ടം തളിരു പോലെ.
അണഞ്ഞണഞ്ഞല ഞ്ഞാടിയകക്കാമ്പിൽ കുളിർപാവി
മണൽക്കോട്ട പടുത്തു നാം കുളിച്ചുമേവി–കാലം
അണക്കെട്ടുപൊളിഞ്ഞുപോൽ കുതിച്ചുതാവി!
കടക്കണ്ണിൽ കുളിക്കുന്ന കരിവണ്ടിൻ സ്വരംമാറി
മുടിത്തുമ്പിൽ മുരുങ്ങാതെയൊഴിഞ്ഞുമാറി–നെഞ്ചിൽ
തുടിക്കുന്ന തുടിപ്പു രണ്ടിണങ്ങിക്കേറി!
പഠിക്കുവാൻ കരുതിച്ചു പലനാൾകൾ കഴിഞ്ഞുപോയു
പഠനവും നിറുത്തി നാം ഇരുമാഗ്ഗരായു–ഇപ്പോൾ
തുടിക്കുന്ന കരളുമാത്രം ഇതാ ബാക്കിയായു!
കളിക്കുന്ന സമയം നാമിരുപേരും ഒരുമിത്തു
കളിക്കും ദമ്പതിമാരായു മനസ്സുമൊത്തു–വാത്തു
കളിത്തോപ്പും ഉരയ്ക്കും, നീ മറന്നൊ മുത്തേ!

അരിമുല്ലയറുത്തു് ഞാൻ കുളകം പൂണ്ടടൻ നിൻെറ
കരിംകൂന്തൽ ശരിയാക്കി പൊരുകിത്തന്നെ_കാലം
വരുമോ? നീ മറുപടി തരണം പൊന്നേ!
കനിയേ, നിൻമതിമുഖം കരിംതന്നിൽ
പതിഞ്ഞുപോയ്
കനവിലും കരളിൻെറ കരളിലായി-നിന്നു
കനിവൂറും മൊഴികൂറും തുണയുമായി
മധുവൂറും മലരായി വിരിഞ്ഞുനിന്നിടും നിന്നിൽ
കൊതിയോടെയനേകം വണ്ടുകളെത്തുന്നു_കണ്ടു്
മതിയേ, എൻകരിം കുത്തിക്കരിഞ്ഞിടുന്നു!
മറയല്ലെ, മനതാരുയറിയില്ലെ മഴവില്ലെ?
മരിച്ചാലും മനക്കാമ്പിന്നൊഴിയാമുല്ലെ,_എൻെറ
മനക്കോട്ട തകക്കാൻ നീയരുനില്ക്കല്ലേ!
മറക്കുമേ? മലരെന്നെയൊഴിക്കുമോ? മൊഴിലീലേ
മരിക്കോളം ഇവൻ കാത്തിങ്ങിരിക്കാം ലോലേ_വേഗം
മറുപടി തരുമോ, നീയെനിക്കു് ബാലേ!"

(രീതി:— "തോങ്കൽ.....")

ബാലവയസ്സിലെ വിനോദമെല്ലാം
ബാഷ്പം നിറച്ചുകൊണ്ടവളോർത്തിട്ടും
ലോലഹൃത്തുനേരം കരിംപതക്കും
ലോകനിയമത്തെയവൾ പഴിക്കും!
കരളിൽ പലചിന്ത തിരയടിക്കും
കണ്ണീർ കവിംതട്ടുകളെ നനയ്ക്കും
കരളും, ഉയിരൊന്നായിണങ്ങിപ്പോയി
കരളെ, കരയുവാൻ വിധിയുമായി"
ഏവംപറഞ്ഞൊരാറക്കിരുന്നങ്ങോക്കും
ഏതോ ചിലതെല്ലാം മനസ്സിൽ കോർക്കും

നോവും കരളും നീറിത്തുടിതുടിക്കും
നേരം ഒരു ഗാനം അലയടിക്കും!
"പൊൻകരളെ, നീയെവിടെ? മുത്തു്ബീവി-പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്തു്ബീവി
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ!—എന്റെ
പൂതിതിങ്ങും കൽബകം തണുത്തിടട്ടെ.....!"
കൽബിൽ അണപൊട്ടിയൊലിച്ചാഗാനം
കൽബിന്നടിത്തട്ടിൽ അലച്ചാഗാനം
കൺകളും പരസ്പരം ഉടൻ ദർശിച്ചെ
കരളുകളും ഒരു നൊടിയിട സ്പർശിച്ചെ!
രാവും പകലേവം ഇഴഞ്ഞുപോയി
രാവിൽ ഉറക്കം വന്നണയാതായി
കാവും, മലർശയ്യ കിനാവു് കണ്ടെ,
നോവും മനം സ്വല്പം സുഖവും പൂണ്ടെ
പൂതി പലപ്പോഴും മുതലാളിച്ചു
പൂണ്ടാലുടൻ മമ്മാലിയെ വിളിച്ചു്
പറയും "ബദർപാട്ടിൽ ചിലതു് പാടു്
പണിയെന്തിനി? ക്ലറൊന്നനക്കിക്കൂട്ടു്....!"
കൂട്ടം പതിവായി പണിയില്ലെങ്കിൽ
പാട്ടും പല പാട്ടും അവനും ചൊങ്കിൽ
ചൊങ്കിൽ മുതലാളിച്ചിയും ഇരിക്കും
ചെമ്പല്ലുകളും കാട്ടിയവർ ചിരിക്കും!
'ബദറും, ഉഹദും' പിൻ 'ഹുസനൽജമാൽ'
അതുപോൽ പലതുമുണ്ടവിടെകാണ്മാൻ
പലതും പഠിക്കാനാമിനക്കുട്ടിക്കു്
പതിവായവർ വാങ്ങിക്കൊടുക്കും ഓക്കു്

ഓത്തോത്തുറങ്ങാത്തപ്പുലരാവുകൾ
ഓത്താലൊട്ടങ്ങാത്ത കട്ടംനോവുകൾ
ഒപ്പം ഇരുഹൃത്തങ്ങളിൽ പൊങ്ങുന്നേ!
ഓർമ്മ പലതാലെ കരൾ വിങ്ങുന്നേ!

ഇരവ് നിലാവിൽ പുഞ്ചിരിച്ച നില്പ്പും
തരുണിയുറക്കമറിയാതുണ്ടിടക്കും
താരാസമൂഹം 'കണ്ണടിച്ച' നോക്കും
നേരം വിഹായസ്സിൽ പുലരികംപൂക്കും
പൂക്കും മനസ്സിന്റെ നെടുവീർപ്പുപോൽ
പൂകും ഇളംതെന്നൽ ചുടുവീർപ്പുപോൽ
തരുണം വിഷാദത്തിൻ ഒരു മർമ്മരം
തരമൊത്തിളം കാറിലലിഞ്ഞുചേരും

"പൊൻകരളെ, നീയെവിടെ? മുത്തു് ബീവി!-പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത് ബീവി
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ!-എന്റെ
പൂതിതിങ്ങും കൽബകം തണുത്തിടട്ടെ....!"

നീറും കുടിലിന്റെ വിലാപം തന്നെ-
കീറും അവൾ തന്റെ കരളെത്തന്നെ
കൊട്ടിപ്പിടഞ്ഞവളെണീറിരിക്കും
പൊട്ടിത്തകരുന്ന മനം തുടിക്കും
പല ചിന്തകളാലെ മനം കലങ്ങും
പുലച്ചുസമയത്തിലവളറങ്ങും
നിനവിൽ നിറഞ്ഞു നിന്നിടും മോഹങ്ങൾ
കനവിൽ തളിർമേനി തടകിപ്പോകും

(രീതി:— "തടകിമണത്തെ.....")

തടകിമറഞ്ഞു ദിവസങ്ങൾ
ചുടുനെടുവീപ്പിൻ നിമിഷങ്ങൾ

ഇടയിടെ കാണും, നൊടിയിടനേരം
അവരിരുചേരും—സമയമിൽ
ഉയിരുകഥ രണ്ടും ഒരു ചൂരുളായിക്കാളുകഥചേരും
ഒരു ദിനം നിന്നാകളിത്തോപ്പി-
ലൂരുകിയ ഗാനം ഉതിർക്കുമ്പോഥം
തരിവള തൻെറ കിലുകിലുനാദം
ഉയരവെ വന്നെ—ജനലൂടെ
ഒരുപൊളിതന്നിൽകരമതു് നീട്ടികളിമലർനിന്നേ.
കരകമലത്താലവളിട്ടു, ഒരു
കടലാസ്സാ മണൽത്തിട്ടിൽ
മറുപടിയാണെന്നറിയവെ
മമ്മാലിയുമതെടുത്തെ-മനമതിൽ
തരുണമിലേതൊ ഒരു തിരമാല ഉയരെയടിത്തെ
"മനമതിലേതൊ വിചാരത്താൽ
എഴുതിയതാണൊ ഒരു കത്തു്
കനവിലും എൻെറ കരളിനെ
വിട്ടുപിരിയുമോ?-എനതുടെ
ഉയിരതുനില്ലെ ഇനിയൊരുമാരൻ അണയുമോ?
അറിയുക എൻെറ കളിത്തോപ്പിൽ
നറുമധുപൂറം കുളിർപ്പുവ്വേ!
ഒരു മലർ വേറെ വിരിയുകയില്ലെ
നുണരുക ജീവെ! കരളിതിൽ
ഇനിയൊരുവള്ളിപിണയുകയില്ല എനൈമഹ്നൂബേ!
കരളതു് നീറിപ്പുകയണ്ട,
വെറുതെ വിഷാദം അണയണ്ട
പിരിയുകയില്ല*മഗ്ശറക്കുട്ടം

*മരണശേഷം കൂടുന്ന സ്ഥലം

തരുണമിൽപോലും_കരുതുക
തവതിരുനാമം ഉരുവിട്ടും ഞാനെൻ
മരണമിൽ പോലും....!"
മറുപടി വായിച്ചറിഞ്ഞേവം,
തരുണമിൽ ചിത്തം കുളിത്തവൻ
ഒരുനവജീവൻ ഉളമിലണഞ്ഞു,
പുളകമുതിന്നെ_വിരവൊട്ട
ഇരുനയനത്തിൽ ലിഖിതമെ
വെച്ചുനുകന്നുമണത്തെ!
പുളകമതുട്ടും നിമിഷങ്ങളും,
കുളിരുകലും പാവും ദിവസങ്ങളും
പുതുകനവാലെ, പലനിനവാലെ
പുതുമകലംതുകും_പലദിനം
'ഹസനൽജമാലിൻ' 'കിസയതു"
പാടിയകമതു നോവും!
അവനതുപാട്ടും സമയത്തിൽ
അവളകം നിൽക്കും ജനൽപഴുതിൽ
അതിലവൾക്കെന്തൊഅറിയുവാനുണ്ടോ?
'ബദറൽമുനീറി'ൻ_കരളിലെ
തിരയടികേൾക്കാൻ ബലമതി
നുണ്ടോ, തവമനതാരിൽ....?
"കടുകവെഹക്കായുടയോനെ,
ഇരവിലൊരിക്കലാവളെന്നിൽ
കസടൊരുമിക്കാൻ വിധി
യെങ്കിൽ എമയെനീകാത്തൊരുവരും

കനിയവളൊപ്പമണയാമൽ
കരുതി നീ കാത്തൊ!
മടവിയിവിടംക്കുടംകിടത്തവും,
വടിവുനെളത്തിട്ടെനൈമനം
മടമൈമപ്പെതടക്കിത്താ
എനൈറഹ്മാനെ_കരുതിയ
മരതകമുത്തോടനൈപ്പിക്ക്
പെരുസുബ്ഹാനെ... ....''
വരിയിവപാട്ടിൽ ഉയരുമ്പോൾ,
കരളകംതമ്മിലുരുമ്മുമ്പോൾ
ഒരു നെടുവീപ്പിൽ ഇരുവരിൻ
ചിത്തം ഉരുകവെ നീറും_അവനുടെ
പതറിടും നാദം ഗളമിലമന്ത
കരളുത കീറും!

("ഏറികപ്പൽ പായുയത്തി...." എന്ന രീതി)

കീറിടും ചിത്തമെം രണ്ടും ചിന്തയാലെ നീറി
കൌതുകത്തിൽ'കെട്ടുകം' പലതുമൊത്തുകേറി
കേറിടും വിവാഹമിൽ ചിലതൊഴിഞ്ഞുമാറി
കേളിപോലെയാമിനക്കുട്ടിയകന്നുമാറി
മാറിനിൽക്കാനെതുകാലം ഒക്കുമിതുപോലെ?
മാനസത്തിൽ വന്നുകൂടി ചിന്തമലപോലെ!
താമരമുഖം ചിലപ്പോൾ ചിന്തയാലെ വാട്ടം
കോമളാംഗി എകയായ്നുരഞ്ഞുകത്തുംകൂട്ടം
പെണ്മണി കിടക്കയിൽ കിടന്നു കണ്ണീർവാക്കും
കണ്മണി കരഞ്ഞുതാൽ കണ്ണും മുഖം തുടുക്കും.
നീറിടും നിശ്വാസമാമുറിക്കകത്തു തിങ്ങും
നീരജത്തിൻ പൂത്തടം വിഷാദമാലെ വിങ്ങും,

വിങ്ങിടും മുരളിയൊന്നിൻ ഗാനമൊന്നാ നേരം
പൊങ്ങിവന്നിടും കരളും നീറുമപ്പോൾ പാരം.
"പൊൻകരളെ, നീയെവിടെ മുത്ത് ബീവി—പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത് ബീവി
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ-എന്റെ
പൂതിതിങ്ങും കൽബകം തണുത്തിടട്ടെ...."

....

പാരിലീ വിഷാദമെന്തുനാം ചൂണ്ടുനീറും
പാരിജാത പുഷ്പമേ, നിന്നാശയെന്തു നീളും?
മുഷ്ടകം നിറഞ്ഞ മാമൂലിൻറെ പെരുംകാട്ടിൽ
പുഷ്പമേ, നീയെന്തുകാലം കേണിടും ഈ മട്ടിൽ
വിത്തനാഥന്റെ മകളായ് നീ ജനിച്ചുപോയി
ചിത്തമോ നിനക്കു മനുഷ്യന്റെതായിപ്പോയി

....

പാതിരാവിൽ ഏകനായ് മഞ്ചാലിയിരുന്നോർത്തു
പൂതികൾ പൂട്ടുള്ള നെടുവീർപ്പ് തന്നിൽ കോർത്തു
ചിന്തകളൊരായിരം ശിരസ്സുയർത്തി കൽബിൽ
ചിന്തിടും ബാഷ്പമതാനിറഞ്ഞുപോയി കണ്ണിൽ
ജീവിതത്തിൽ ജീവനായ് ചുറ്റിപ്പിണഞ്ഞ വല്ലി
ജീവിതത്തിൻ പൂത്തടത്തിൽപൂത്തുനിൽക്കും വള്ളി
ഒട്ടിയൊട്ടി നിന്നിരുന്ന ഏത്തടത്തിൽതന്നെ
തട്ടിമാറ്റുവാൻ കരുത്തില്ല അവനിൽ ഇന്നേ!
ഏകനായെണീറ്റവൻ ആ പാതിരാവിൽഅന്നെ
മൂകതതിങ്ങുന്ന തോപ്പിലൂടവൻ നടന്നെ
ആമിനക്കുട്ടിയുറക്കമെഴുന്നുടന്നെ
ഓമനപ്പൂവിൻ കരളെ വേദനകൊം കാന്നെ
ശോകമൂകയായവൾം കിടന്നിടുന്ന നേരം!
ശോകഗാനമൊന്നതാവുയർന്നുവന്ന നേരം!

'പൊൻകരളെ, നീയെവിടെ? മുത്തു് ബീവി!—പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്തു് ബീവി.
പൂമുഖം കണ്ടെങ്കിലും പൊറത്തിടട്ടെ!— എന്റെ
പൂതി തിണ്ടും കൽബകം തണുത്തിടട്ടെ....!''

ഹൃദയങ്ങൾ അടുത്തടുത്തു വന്നു. ആത്മാക്കൾ കെട്ടിപ്പുണർന്നു നിന്നു. കേരവൃക്ഷങ്ങൾ പരത്തിയ ആ നിഴലിന്റെ കീഴിൽ രണ്ടുപേരുടേയും മാത്തടങ്ങൾ ഉയർന്മാൻകൊണ്ടിരുന്ന വികാരത്തിന്റെ തിരമാലകൾ അലയടിച്ചുയരുകയാണു്. അവർ തേങ്ങിത്തേങ്ങി ക്കരഞ്ഞുകൊണ്ടു് അവന്റെ മാത്തടത്തിലേക്കു് ചാഞ്ഞു; കാറ്റിലുലഞ്ഞാടിവീണ ഒരു കൊച്ചു മുല്ലവള്ളിപോലെ? രണ്ടുപേരുടേയും ശരീരങ്ങൾ കോരിത്തരിച്ചു? ആ തോട്ടത്തിനകത്തു് വികാരങ്ങൾ മൂർദ്ധന്യനിൽക്കുകയാണു് നിശ്ചലം.....നിശ്ശബ്ദം.....അവസാനം അവൾ പറയുകയാണു്.

(രീതി: — ''അരുളിമരത്ത്.....'')

കരളെ, എന്റെ കരളകത്തിൽ
വിരിഞ്ഞുനില്ക്കും മലരെ!
കരിയും എന്റെ കരളകത്തിൽ
കൂളിരുതിത്ത തളിരേ.
വിരഹം എന്റെ കരളകത്തെ
കരിക്കുമല്ലൊ കനിയേ
വരവു് എന്റെ കരളകം
കാത്തിരിക്കുമല്ലൊ തണിയേ....!''

അവൻ അവളുടെ പ്രിയപ്പെട്ടവൻ— നാട്ടുവിട്ടുകയാണു്. അവളുടെ സങ്കടംകേട്ടു്, അവൻ പറയുന്നു.....

''കരയരുതെ, കരളു് നൊന്തു്
പൊരിയരുതെ കരളെ!
വെറുതെയോർത്തു് കരഞ്ഞു്
കണ്ണീർ പൊരിയരുതെ തളിരേ.
ധനികനായി മടങ്ങും സ്വല്പ
ദിനങ്ങൾക്കുള്ളിൽ മയിലേ!

ണം കഴിഞ്ഞു്, മനസ്സുമൊത്തു്
ഇരുന്നിട്ടും നാം കയിലേ.
മടങ്ങിവന്നാലുടനെ ഞാനെൻ
മലരിനെ വന്നണയും
നൊടിയിടയിൽ മധു നുകർന്നു
നഭസ്സിലേക്കുയരും!
ഉയരുമപ്പോഠം എട്ടുക്കും ഞാനെൻ
മലരിനേയും അണച്ചു്
ഉയിരെ, മറെറാരിടത്തിൽ പെൺ
നിവസിച്ചിടാ. സുഖിച്ചു്
കരയരുതെ, കരളു്നൊന്തു്
പൊരിയരുതെ കരളെ!
വെറുതെയോർത്തുകരഞ്ഞു് കണ്ണീർ
പൊരിയരുതെ തളിരേ!"

ആമിനക്കുട്ടിയുടെ ഹൃദയം ചിതറിപ്പോകുകയാണു്. അവളുടെ ഹൃദയനാഥൻ അകലുകയാണു്. അവൻ പണക്കാരനായി മടങ്ങിവരും. അതുവരെ അവൾ കാത്തിരിക്കണം. അവനായി, തന്റെ പ്രിയപ്പെട്ടവനായി അവൾ കാത്തിരിക്കണം. അതെ, അവൾ ഉറപ്പു് കൊടുക്കുകയാണു്.

"നടക്കുകില്ല ഒരിക്കലും ഞാൻ
*ശഠത്തെറിയിഹത്തിൽ
കടക്കുകില്ല, ഒരുത്തരുമീ
കരിയും കരളകത്തിൽ.
അറിയുക, എന്നുയിരിൻ തുണ
പരത്തിലും എൻസഖിയാം
വരവുംകാത്തു്, കരളുംനീറി
ക്കരഞ്ഞിവളും കഴിയാം

*ഉടമ്പടി

മറന്നിട്ടുമോ? മനസ്സിന്നാശ
യൊഴിഞ്ഞിട്ടുമോ—കരളേ!
മരണം വന്നിങ്ങണയുവോളം
ഇരിക്കും ഞാനെൻ മലരേ.....

അതെ, ഏടയം നീറിക്കൊണ്ടുതന്നെ, അവൾ അവന്നായി കാത്തിരിക്കും; മരണംവരെ കാത്തിരിക്കും. അപ്പോൾ അവൻറെ പ്രിയപ്പെട്ടവൾക്കു് അവൻ വാക്കു് കൊടുക്കുകയാണു്.

* * * *

"കനവിലും എൻകരളകത്തിൽ
വിരിഞ്ഞുനില്ക്കും സുമമെ!
നിനവിലെൻറെ ഉയിരി-
ലൊട്ടിപ്പിടിച്ചു നില്ക്കു" ളമേ!
മറക്കുകില്ല മരിക്കുകിലും
ധരിക്കുമുത്തു് മണിയേ!
മരിക്കുകിലൊമഹശറയിൽ
ഒരുമിച്ചിടാം തണിയെ!
വിടതരു ഞാൻ വരട്ടെ...."യെന്നു്
പറഞ്ഞു പൊട്ടിക്കരഞ്ഞെ!
ഉടുക്കുംപോലും സഹിച്ചിടാതെ
യുടനെ വീണു പൊലിഞ്ഞെ!
ശറ്ത്തു് ചൊല്ലിപ്പിരിഞ്ഞു ലോകം
ഇരുണ്ടു ചുറ്റിക്കറങ്ങി.
മരണത്തിൻറെ മണിമുഴക്കം
കരളിൽനിന്നു മുഴങ്ങി.
നിറഞ്ഞു കൺകളം, മറഞ്ഞു
ചതുന്നയനം മണ്ണും ഇരുളിൽ
കരുംകളം അപ്പോളലിഞ്ഞുചേന്നു
ചെറുതെന്നലിന്നൊലിയിൽ

തരുലതകളം ഉലഞ്ഞു രണ്ടും
ഇരുവഴിക്കായ് പിരിഞ്ഞു!
കരളിലൊട്ടിപ്പിടിച്ച ജീവൻ
ഒരു ചുരുളായ് പിണഞ്ഞു!

ഭാഗം 3

("വണ്ണുള്ള മേഘത്തിൽ....." എന്ന രീതി)

ഇരുളിൽ നടന്ന മറഞ്ഞു മമ്മാലി പോയതിൽ
കരളം കരിഞ്ഞുപുകഞ്ഞിടും ശോകത്തിൽ
വിളവാൻനില്ക്കും നെൽപ്പാടങ്ങളം നോക്കിനിന്നവൻ
നിലവിട്ടന്നേരം പലതുമോർത്തു കരഞ്ഞവൻ!
പലകാലം ഓമനപ്പൂവ്വിൻ കാലടിപാടകളം
പുളകംവിതച്ചതാം കാണും നീണ്ട വഴിപ്പുകളം?
തെരുതെരെ തുള്ളിക്കളിച്ച മഞ്ഞക്കിളികളംപോൽ
ഇരുപേരുംകൂടി നടന്ന കാലങ്ങളോർത്തവൻ!
നിറമേലും പൂക്കളറുത്ത് കയ്യിൽ കൊടുക്കുമ്പോളം
വിരിയുന്ന ചുണ്ടും മുഖകമലവും ഓർത്തവൻ!
പലകാലം തന്റെ പിതാവിൻ ഘോര വളർത്തിയ
വിളവാന്ന പാടങ്ങളം നോക്കിനോക്കിക്കരഞ്ഞവൻ!
"പിരിയുവാനാണൊ വിധിയെനിക്ക് *സുബ്ഹാനെ
തിരികെ ഞാൻ വന്നിടും കാലം എത്തൊ *റഹ്മാനെ.
അതുവരെ എന്മലർമുല്ല വാടാതെ നില്ക്കുമോ?
ചതിയന്മാർ വന്നുപെട്ടെന്നു നുള്ളിപ്പറക്കുമോ?
നിണമൂറി ഞാൻ പോറിവന്ന കോമളപ്പൂവ്വേ നീ!
പണംതന്റെ ചൂടേറ്റ് വാടിപ്പോകാതിരിക്കണേ!
ആത്മവിഹായസ്സിൽ മിന്നിടും രജതതാരമേ
രോമാഞ്ചമേറി മറയാതെ, മായാതെ നില്ക്കണേ!

* ദൈവത്തിന്റെ പര്യായങ്ങളം

വിരവിൽവരും ഞാനെന്നാത്മസങ്കേതം പൂകുവാൻ
നിറയുമൊരാനന്ദത്തടിനിയിൽ സ്നാനംചെയ്യുവാൻ....''
പലതരമേവം കരളിലോർത്തു നടന്നവൻ
പുലരുന്ന നേരം ഒരു ബസാറിലണഞ്ഞവൻ
അവിടെയും നിൽക്കാതവൻ നടന്നതിവേഗത്തിൽ
എവിടെയ്ക്കെന്നല്ല, തീവണ്ടികേറിയാ നേരത്തിൽ
നേരത്തിൽ നിൽക്കാതെ വണ്ടിവേഗം ഇളകിയേ
നീറും നെടുവീർപ്പിലപ്പോഴം കൽബുമുരുകിയേ!

(രീതി:— ''കപ്പപ്പാട്ട്.....'')

ഉരുകിക്കഴിഞ്ഞാമിന ചിന്തം നീറി
വിരഹത്തിൻ ദുഃഖം വദനത്തിൽ കേറി!
ഇരവും, പകലും ഉരുകുന്ന ചിന്താ
കരിവാളിച്ചല്ലൊ മലരിൻമുഖം താൻ
വദനം വിഷാദത്തിൻ മങ്ങിക്കരുത്തു്
കദനം സഹിക്കാതെ കണ്ണീരുതിർത്തു്
നെടുവീർപ്പു് തിങ്ങിപ്പൊരിയുന്ന ജീവൻ!
ചുടുകണ്ണുനീരിലലിയുന്ന ജീവൻ!
ദിനമെത്ര നീക്കും ഇതുപോലെ ബാലേ!
മനംനൊന്തു് കേഴാതിരിക്കു നീ ലോലേ!
അറിയില്ല ലോകത്തിൻനീതി നിനക്കു്
ചെറുതാണു്നീ,എന്നെറവാക്കുകൾകേൾക്കു്
വിത്തപ്രതാപത്തിൻ വീടാണു് ലോകം
മിഥ്യാഭിമാനത്തിൻ നാടാണു് ലോകം!
സത്യത്തിൻ ചോരക്കളമാണു് ലോകം!
മർത്ത്യതതൻ ചുടുകാടാണു് ലോകം
ചോരയിൽനിന്നു പനിനീരെടുക്കും
ക്രൂരതക്കുകെല്ലാരു പേരാണു് ലോകം!

നെറ്റിത്തടത്തിൽ വിയർപ്പിൻകണങ്ങളാം
ഉറ്റുറിച്ചവരെക്കൊലചെയ്യും ലോകം!
കഷ്ടപ്പെട്ടന്നോരെ കൊന്നുമുടിക്കും
ദുഷ്ടതയാം ചൂഴം കാണുന്ന ലോകം?
പൊട്ടിക്കരയുന്ന മാടത്തിൻ മുമ്പിൽ
പൊട്ടിച്ചിരിക്കും പിശാചാണ് ലോകം!
പുഞ്ചിരി പൊട്ടി വികസിച്ചുനിൽക്കും
വഞ്ചനതൻ മണ്ഡപമാണ് ലോകം!
പാതാളലോകത്തും മുഷ്ക് ചൊരിക്കും
യാഥാസ്ഥികതത്തിൻ കൂടാണ് ലോകം!
കൂടിലോട്ട് കൊട്ടാരം ചേരുകയില്ല
കൌടില്യ, മാണതിൽ വ്യത്യാസമില്ല
കൃസ്ത്യാനി, ഹിന്ദു, മുസൽമാനുമെല്ലാം
മത്സ്യതയിൽ പങ്ക് ചേരുകയില്ല
പ്രേമത്തെ ലോകം അറിയുകയില്ല
പ്രേമത്തിൽ ലോകം വിടരുകയില്ല!
ജീവസ്സണയാത്ത പൊന്നിൻറെ കോലാൽ
ജീവൻറെ ബന്ധം അളക്കുന്ന പാരിൽ.
നീയെന്തിനീവിധം കേഴുന്നു ബാലേ?
നീറിത്തുടിക്കുന്നതെന്തിന്നു ലോലേ?
പട്ടിണി തൻറെ പരുത്ത വനത്തിൽ
പട്ടത്തുണിപോലെ പ്രേമം വിരിച്ച്
ഒട്ടിപ്പിടിച്ച കമെന്നായിത്തുന്നി
പററിക്കിടക്കാൻ കരുത്തുണ്ടോ നിന്നിൽ?
ഉണ്ടെങ്കിൽ പോക്ക നിൻനാഥനെത്തേടി
ഉണ്ടവൻ നിന്നെക്കുറിച്ചെന്നും പാടി.

ലോകത്തിൽ തെണ്ടിത്തിരിയുന്ന ബാലേ!
ശോകത്തിൽ വിങ്ങിക്കരയുന്ന ലോലേ!
ഇല്ല കരുത്ത് നിനക്കെങ്കിൽ പിന്നെ
കള്ളക്കരച്ചിൽ നിറുത്തുകയിന്നെ!
"പ്രേമമായ് തെറ്റിദ്ധരിച്ച"ള്ളതാമീ
"വ്യാമോഹമൊന്ന മറ"ന്നീടുമോ നീ....?

പ്രേമക്കിനാക്കൾ വിടരാതെ നിൽക്കും
പ്രേമത്തിൻ പൂങ്കാവ് പൂക്കാതെനില്ക്കും
മാമൂലിൻ മുഷ്ക്കകം പൊട്ടിച്ചിരിക്കും
കാമം മനസ്സിൽ തലപൊക്കി നിൽക്കും!
ആഡംബരം നിന്നെ നോക്കിച്ചിരിക്കും
ആനന്ദമോടവ മാടിവിളിക്കും!
ജീവിത നാടക വേദിയന്നേരം
ഭാവം പകർന്ന വരുമൊന്ന വേറെ.

പ്രേമത്തിൻ പൂക്കൾ കൊഴിഞ്ഞുനശിക്കും
മാമൂലിൻ മുഷ്ക്കപ്പോലം പൊട്ടിച്ചിരിക്കും
പൂങ്കാവിലൊന്നും വിടരുകയില്ല
പൂങ്കുയിൽ ഗാനമുതിർക്കുകയില്ല

(രീതി:— "അഹടിയത്തെന്നടിമുരട്ടിൽ....")

ഇല്ല നാട്ട് വിട്ടശേഷം ഏത്തടത്തിൽ ചിന്തയെന്യെ,
തെല്ലുമേ സന്തോഷഭാവം തങ്ങിടാത്തശ്ശോകമെന്യെ,
പട്ടണത്തിൽ വന്നവൻ പലയിടത്തിലും അലഞ്ഞു!
പട്ടിണി കിടന്നു, ജോലി കിട്ടുമോയെന്ന തിരഞ്ഞു!
വിട്ടിടാവിരഹതാപം ചിത്തമിൽ പൊതിഞ്ഞുനിന്നു
കഷ്ടമോരോന്നോർത്തവൻെറകൺകളിൽവെള്ളംനിറഞ്ഞു
പട്ടണത്തിൻെറ പകിട്ടിൽ ഒട്ടനേരം കൺപകച്ചും
പൂട്ടിട്ടും പീടികതൻെറ തിണ്ണയിൽ രാത്രി കഴിച്ചും

ഒട്ടിട്ടം വയറുവീർക്കാൻ പമ്പിലെ ജലംകുടിച്ചും
നിഷ്ക്രിയതയാന്ന ലോകമാകെ മുമ്പിൽ പല്ലിളിച്ചു!
നീതിതന്റെ മുഷ്ടിയിൽ നുറുങ്ങിട്ടം മനുഷ്യരൂപം
നീങ്ങിടുന്നുണ്ടായിരക്കണക്കിലാ തെരുവിലൂടെ
നൊണ്ടിയും, മുടന്തനും, കൂടനും നൂറുകണക്കിൽ!
തെണ്ടിട്ടം പെണ്ണുങ്ങളും കുട്ടികളും നൂറുകണക്കിൽ
കുഞ്ഞിമക്കളെ വഹിച്ചുള്ളമ്മമാർ നൂറുക്കണക്കിൽ
കഞ്ഞിവെള്ളത്തിനു പട്ടിയേന്തിയോർ നൂറു
ക്കണകിൽ
മുട്ടിലും എത്താത്ത മുണ്ടുടുത്തവർ നൂറുകണക്കിൽ
ഒട്ടിയ വയറുമായിച്ചുറുവോർ നൂറുകണക്കിൽ?
മാറിടം മറയ്ക്കുവാനൊരു മുഴം തുണിലഭിക്കാ-
മാർത്തടം കാട്ടി നടക്കും സോദരിമാർ ആയിരംപേർ
ക്ഷുത്തടക്കാൻ മാർഗ്ഗമില്ലാതെയിരുളിന്റെ മറവിൽ
ക്ഷുത്തകറാനായിമാനംവിറ്റിടുന്നോർആയിരം പേർ
കുഷ്ഠരോഗം; ഉഷ്ണരോഗം; ഒട്ടിട്ടം പകച്ചരോഗം
വീട്ടിടാതെനിന്നുജീവൻവിട്ടിടുന്നോർ ആയിരംപേർ!
പട്ടിണിതൻപട്ടടയിൽ വെന്തുനീറി നാൾക്കുനാളിൽ
ചുട്ടുനീറിച്ചാമ്പലായിപ്പോയിടുന്നോർ ആയിരംപേർ!
പോറുവാൻ നിവൃത്തിയില്ലാ പെറ്റെടുത്തകുട്ടികളെ
വിറ്റിടുന്നോരമ്മമാരും ഏറെയുണ്ടാ പട്ടണത്തിൽ!
ആത്തനാദം, ദീനനാദം, ഹൃത്തടംപൊട്ടുന്ന നാദം
ആത്തിരമ്പി വായുവിൽ ലയിച്ചിടുന്നാ പട്ടണത്തിൽ!
ഇത്തരത്തിലായിരക്കണക്കിലുള്ള ഘോഷയാത്ര
മത്സ്യരെ വെല്ലുവിളിച്ച് നീങ്ങിടുന്ന പട്ടണത്തിൽ!
പട്ടുടുപ്പിട്ടു ഞെളിഞ്ഞും, പച്ചവില്ലീസ്സിൽ പൊതിഞ്ഞും
പട്ടണത്തിൽ നീങ്ങിടുന്ന സുന്ദരിമാർ എത്രയെത്ര!

കുങ്കുമപ്പൊട്ടും അണിഞ്ഞു്, കൺകളിൽ കാമംവിരിഞ്ഞു്
തങ്കമാലയിട്ട പച്ചസുന്ദരിമാർ എത്രയെത്ര?
സാരിപൂരാരി കന്തളത്തെലം പുരട്ടിപ്പൗഡറിട്ടു്
നേരിയബെ്ളൗസ്സിന്നടിയിൽ കുത്തനെകൂരമ്പുവെച്ചും
നീലഭൃംഗക്കൺകളാലെ പ്രേമലേഖനം വരച്ചും
ചേലിലാടിപ്പോയിടുന്ന സുന്ദരിമാർ എത്രയെത്ര!
തൂട്ടിന്ന പലിശ വാങ്ങി പ്പെട്ടിയിൽ നിറച്ചുവെച്ചു്
മൃഷ്ടഭോജനം കഴിച്ചു് കുംഭവീർത്തോർ എത്രയെത്ര
ഇത്തരത്തിൽ ഭിന്നമായ രണ്ടു ലോകം കണ്ടിടുന്ന
ക്ഷുത്തടക്കാതെയവനും ഹൃത്തടം പൊട്ടിക്കരഞ്ഞു!

(രീതി:— "മാനിതകൊതി കൽബിൽ....")

പൊട്ടിപ്പോയ് മനസ്സകം മകൻപോയ വ്യസനത്താൽ
പെട്ടെന്നു കിടപ്പായി അവൾ ദീനത്താൽ
പാത്തുതൻ കുടിലൊരു വിലാപത്തിൻ കളമായി
ഓത്തോത്തിട്ടവളിപ്പോൾ മരിക്കാറായി.
"കണ്ണിന്റെ മണിയായ മകനെ നീയെവിടെപ്പോയ്?
കണ്ണന്റെയടയും മൻവരുമോ തേനേ!
പൂതിയെന്നക്കാമ്പിൽ പെരുത്ത് തിങ്ങിയകാലം
ആദ്യമായ് വിരിഞ്ഞ പൊൻമലരല്ലേനീ?
ആശകൾ പലതും എൻകരളിൽ പൊങ്ങിയ കാലം
ആശ്വാസം അരുളിയ തളിരല്ലേ നീ?
കാലങ്ങൾ അനേകം ഞാൻ കൊതിവെച്ചിട്ടിരുന്ന പിൻ
ചേലൂറ് പിറന്ന പൊൻകതിരല്ലേ നീ?
മോഹത്താലനവധി ദിനം കാത്തു കഴിഞ്ഞപ്പോൾ
മോഹങ്ങൾ വിടത്തിയ കിളിയല്ലെ നീ?
വേലകളെട്ടുത്തു് ഞാൻ വിശപ്പെന്തെന്നറിയ്ക്കാതെ
പാല്പൂട്ടി വളത്തിയ മകനെല്ലെ നീ!

ഞാനെന്റെ കരളിന്റെ കനിയായി വളത്തിയ
മോനെന്നെ പിരിഞ്ഞുപ്പോൾ എവിടെപ്പോയോ?
നിന്നെ "പ്പാ" മരിച്ചുള്ള പേരുംഖേദം മഴവൻ ഞാൻ
നിന്മലർമുഖം നോക്കിയടക്കിവെച്ചേ!
മോനേ നീ വലുതായിട്ടോരുപെണ്ണ് നിനക്കാക്കി
ഞാനെന്റെ കൊതിവീട്ടാനൊരച്ചിരുന്നേ!
പെട്ടെന്നമറഞ്ഞെന്റെ കരളിൽ തീ ചൊരിഞ്ഞു നീ
പൊട്ടന്നെൻ മനസ്സകം അറിയുമോ നീ
കണ്ണിന്റെ മണിയായ മകനെ നീയെവിടെപ്പോയ്
കണ്ണെന്റെയടയുംമുൻ വരുമോ തേനേ....?
തേനേ നിൻതുണ പെങ്ങൾ അവളിപ്പോൾ വലുതായി
ഞാനൊ നിൻവിചാരത്താൽ മരിക്കാറായി
ഓക്കുമോ? ഗതി, പിന്നീടവൾക്കാരാണൊരു സഖി
ഓക്കുമ്പോൾ കരൾ നിന്റെ കരിയുന്നില്ലേ?
കഷ്ടങ്ങൾ പലതരം സഹിച്ചിട്ട വളത്തിയ
പെറ്റമ്മാ മറക്കുമോ മകനെ നിന്നെ?
മമ്മാലി വളർന്നാലും വലിയോനായുയർന്നാലും
ഉമ്മാക്കെൻ മകനെന്നും മകനാണല്ലൊ!
മോനെ, നീ മറന്നാലും ഇവിടം വിട്ടകന്നാലും
തേനെ, എന്മകനെന്നും മകനാണല്ലോ.
നീയെന്നെ മറന്നാലും നിനക്കുള്ള ചുടുപോര
നീയെന്റെ മകനാണെന്നൊരക്കെച്ചൊല്ലും
മോനെ നിന്മതിമുഖം 'നെളത്തു" ഞാൻ മരിക്കുമോ?
മോനെന്റെയടുത്ത് വന്നിരുന്നീടുമോ
കണ്ണിന്റെ മിഴിയായ മകനെ നീയെവിടെപ്പോയ്?
കണ്ണെന്റെയടയും മുൻ വരുമോ തേനേ....

സങ്കടം പലതേവം അവൾ ചൊല്ലിപ്പിടയുന്നു
ഗംഗപോൽ ചുടുകണ്ണീരൊഴുക്കിടുന്നു
ഉമ്മാ തൻ സമീപത്തിലിരുന്നതാ കരയുന്നു
മമ്മാത്തു കരളം വിങ്ങിപ്പറഞ്ഞിടുന്നു
"ഇക്കാക്കാ വരും ഉമ്മ കരയാതെയിരുന്നോളിൻ
നിക്കാതെ വരാൻ നേച്ചയുറപ്പിച്ചോളിൻ!"
("തോങ്കൽ....." എന്ന രീതി)
നേർച്ച പലതും നേർന്നവരിരുന്നേ
തീർച്ച മകനെത്തും കരുതിപ്പോന്നേ
രാവും പകൽ പാത്തു കരച്ചിൽതന്നെ
പാവം അവളിന്നും കിടപ്പിൽതന്നെ.
കാലത്തെണീറ്റ് കഞ്ഞിയും കൊടുത്തു്
ജോലിയെടുക്കാനോടിടും മമ്മാത്തു.
കഷ്ടം അവളുമ്മാൻെറവസ്ഥയോർത്തു്
പൊട്ടിക്കരഞ്ഞിടും പണിയെടുത്തു്
പകലിൽ അവൾ പോയിപ്പണിയെടുക്കും
പകലോൻ പടിഞ്ഞാറെ കടലിൽ വീഴും
സമയം അവൾ കഞ്ഞിക്കലവുമായി
ശരംപോൽ വരും ഉമ്മാൻെറടുത്തേക്കായി
ഒരു പായയിൽ പിച്ചു് പറഞ്ഞുകൊണ്ടും
വെറുതെ പലതോർത്തു് കരഞ്ഞുകൊണ്ടും
കരയും പനിയുമായ്കിടക്കുന്നുമ്മാ
അരികെയണഞ്ഞവൾ വിളിക്കും 'ഉമ്മാ'
വിളികേട്ടടൻ ഞെട്ടിയവളെണീക്കും
വിറളീയെടുത്തപോൽ മകളെ നോക്കും
നോക്കിപ്പറഞ്ഞീടും "കനിമോനല്ലേ?
നോക്കു് മുതലാളിക്കറിവുമില്ലേ....!"

"ഇല്ല മുതലാളിക്കറിവൊന്നുമേ
തെല്ല് ദിവസത്തിന്നകം വരുമേ
ഉമ്മാ കുറച്ചുനാൾ പൊറുത്തിരിക്കീൻ!"
മമ്മാത്തു ഉരച്ചു 'കഞ്ഞിതാ കുടിക്കീൻ'
പകലിൻ പകിട്ടെല്ലാം ഇരുളിൽ മങ്ങി
ഗഗനം കരിമേഘവിരിപ്പിൽ തങ്ങി
കുടിലിൽ ഇരുജീവൻ കിടന്നുവിങ്ങി
നെടുവീർപ്പുകൾ പൊറുക്കുടിലിൽ തിങ്ങി
തിങ്ങും വ്യസനത്താലഖിലം കാത്തു
വിങ്ങിക്കിടക്കയാണിതാ മമ്മാത്തു
ഉമ്മ എണീറ്റിനി നടന്നിടുമോ?
മമ്മാലിയും ഇങ്ങു മടങ്ങിടുമോ?
ഓത്തോത്തവം കണ്ണീരൊഴുക്കിക്കൊണ്ടു
രാത്രി കിടന്നു പിൻ മുഷുപ്പി പൂണ്ടു
ലോകം ഇരുളിന്റെ തിരശ്ശീലയിൽ
മൂകക്കഥ നീട്ടിവരച്ചു ചേലിൽ!
ജനതനിറഞ്ഞു തിങ്ങിടും നാടൊന്നു
ചലനം, ബഹളം പൊങ്ങിടും റോഡൊന്നു
ശകടം പലതാത്തുയിരമ്പിപ്പോണു
*സബബെന്തതാ-മമ്മാലിയും നില്പ്പുണ്ണു
തലയിൽ ഒരു കൊട്ട ചുമന്നിട്ടുണ്ടു
ഇളനീർ അതിലാകെ നിറച്ചുമുണ്ടു.
നടന്നിട്ടുവൻ റോഡു മുറിച്ചുപോകാൻ
നിമിഷം അവൻ കാത്തു നിലയ്ക്കയാവാം
സമയം ഇരുമോട്ടോർ ഇരുഭാഗത്തിൽ
ക്ഷണമിൽ അവ രണ്ടും സമീപമെത്തി.

*കാരണം

തപിതം അവ രണ്ടും ചൂഴൽക്കാറ്റ്പോൽ
ദഹിതം, അവ മുട്ടിത്തകർന്നെള്ളപ്പം
ഉടനെ ഒരു മോട്ടോർ തിരിഞ്ഞുവന്നു
കഠിനം, അതാ മമ്മാലിയും വീഴുന്നു
ഇതു കണ്ടടൻ ആത്തുവിളിച്ചുനേരം
മതി വിട്ടവൾ പൊട്ടിക്കരഞ്ഞുപാരം
കനവിന്നവൾ പെട്ടെന്നുണർന്നീറൂ
മനംനൊന്തവൾ കണ്ട കഥയുമോർത്തു
ഉമ്മാൻറെടത്തവൾ ഉറങ്ങും രാവിൽ
മമ്മാത്തുവിൻ ചിത്തം ഒരു കിനാവിൽ
ശോകക്കഥയൊന്നു 'നെളഞ്ഞ'താലേ
നോവും വ്യസനവും കലർന്നുപോയെ!

(രീതി:— "എന്തിനാണു പൂങ്കരളെ..... ")

പോയിവർഷംചുരുങ്ങുവേഗം പൊൻകിനാക്കളെതിർന്നുപോയ്
കായമാകെ വാർന്നു കഷ്ടം കണ്ണുനീരിൽ ചോർന്നുപോയ്
കാത്തിരുന്നു, കാത്തിരുന്ന കൽബകം തകിച്ചുപോയ്
ആർത്തിയോടെ പാർത്തിരുന്ന മോഹമൊട്ടതിർന്നുപോയ്
പ്രാണവായുമീട്ടിവിട്ട പ്രേമഗാനം നിന്നുപോയ്
വീണതൻറെ കമ്പിപൊട്ടിവീണതാൽ തകർന്നുപോയ്
പ്രേമസൂനം പൂത്തുനിന്ന പൂവനവും ശൂന്യമായ്
തേന്മലർകൾ ഒന്നൊഴിയാ സർവ്വവും കൊഴിഞ്ഞുപോയ്
കാമനത്തം മുറിനിന്ന ചിന്തകളും കൊഴിഞ്ഞുപോയ്
കോമളത്തം കൂടിനിന്ന മോഹവും പൊലിഞ്ഞുപോയ്

പെണ്ണിനേറെക്കാത്തിരിക്കാൻ നീതി സമ്മതിക്കുമോ?
പെണ്ണുതേടിയാളുവന്നാൽ രക്ഷിതാക്കൾ വെക്കുമോ
വന്നണഞ്ഞു ജന്മിതൻറെ പുത്രനൊന്നു വേൾക്കുവാൻ
പൊന്നുകാക്ഷം ക്ഷതമല്ലെ പിന്നെയെന്തു തള്ളുവാൻ

ഭൂമിയുണ്ട്, പാട്ടമുണ്ട്, തോട്ടമുണ്ട് നല്ലപോൽ
കേമനല്ലെ? പിന്നെയും തടസ്ഥമെന്ത് ചൊല്ലുവാൻ
ഭാര്യയോടഖിലവും ഇരുന്ന ചേക്കു ചൊല്ലുവേ
കാര്യമങ്ങ് ചെയ്യുവെക്കാൻ സമ്മതവും മൂളവേ
"എങ്കിലും നീയാമിന തൻ ഇഷ്ടമൊന്നറിയണേ
ചൊങ്കിലോളെപ്പാട്ടിലാക്കി സമ്മതവും വാങ്ങണേ!"
ചേക്കുചൊല്ലിപ്പോകവെയുമ്മാച്ചയും ചിരിച്ചുപോയ്
വാക്കു സന്തോഷത്തിനാലെ വന്നിടാ പകച്ചുപോയ്
"കുഞ്ഞിമരക്കാരെ ചെക്കൻ ഹൈദരോസ് കേമനാം
കുഞ്ഞവനൊന്നേയവക്കുള്ള ചെറുക്കൻ ചൊങ്കനാം...."
ആമിനക്കുട്ടിക്കതിൻ സാരം അകത്തു പൂകവേ
ഓമന മറുത്തിടാതെയുമ്മയോട് ചൊല്ലവേ
"ഇഷ്ടമെന്തോ....ചെയ്തിടുക....സമ്മതമാണൊക്കെയും
....."

എങ്കിലും ഹൃത്തിൽ വിചാരം ചെന്നലയടിക്കവേ!
കൺകളിൽ ബാഷ്പകണങ്ങളിതിങ്ങിവന്നുനില്ക്കവേ
കട്ടിലിൽചെന്നു മറിഞ്ഞു വിങ്ങിവിങ്ങിക്കേഴവേ!
പൊട്ടിടുന്ന ഹൃത്തടത്തെ കൈകളാലമർത്തവേ!

കേണിടല്ലെ, കാര്യമെന്തു്? ഞാനിതു പറഞ്ഞതാം
വീണിടുന്ന നാം കുഴിച്ച ഗർത്തമിൽ നാമോർത്തിടാ
മാറുമാണു് പെണ്മണിയീലോകമെന്നറിക നീ
കുറുമുണ്ടോ സംഭവങ്ങൾ മാറിമാറി വന്നതിൽ?
നിൻറെ പ്രേമം നിഷ്ഫലമെങ്കിൽ നീ കരയണൊ?
നിൻറെ നാഥനിപ്പോഴും തെരുവതിലലയണോ?
കൈകൊടുത്തു് നീയുയർത്തി മേടയിൽ വെക്കേണ്ടയോ?
കൈചുരുട്ടി മുഷ്ടിനെ നീ വെല്ലുവിളിക്കേണ്ടയോ?
സാദ്ധ്യമല്ലെ? കാമുകൻറെ കൂടെ നീയിറങ്ങണം
ത്യാഗമാണു് പ്രേമമെന്നാൽ, മേട നീ വെടിയണം!

മേടയിൽ വിവാഹനാളിൽ നിശ്ചയം കുറിക്കവേ!
മാടമിൽ കിടന്നൊരു ജീവൻ പിടപിടയ്ക്കുവേ!
ചെമ്പുപാത്രങ്ങളുരുമ്മും ശബ്ദവും കോലാഹലം
വമ്പനായ ചേക്കുവിന്റെ കല്പനയും കമ്പനം!
ഒന്നുപോലെ നാലുകെട്ടിൽനിന്നു മുഴങ്ങീടവേ
വന്ന ജനങ്ങളും പലരും കൂട്ടമായിരിക്കവേ!
താടിയുള്ളോർ, മോടിയുള്ളോർകുംഭവീർത്തോർചേരവേ
ധാടിയോടെ നിശ്ചയംകഴിഞ്ഞുവേഗം പോകവേ!
രാവിലെ മമ്മാത്തു വന്നതാണു് വേലചെയ്യുവാൻ
പാവമുമ്മാനെയൊരിക്കൽ ചെന്നുനോക്കിപ്പോരുവാൻ
അന്നവർക്കു് നേരമൊട്ടും കിട്ടിയില്ല ജോലിയാൽ
നിന്നിടാതെ വേലചെയ്തു നേരമിപ്പോൾ രാത്രിയായ°!
അന്നവർക്കു് തിന്നുവാൻ കുറച്ചു് നെയ°ച്ചോർ കിട്ടിയേ!
പൊന്നുപോലുമ്മാക്കതിൽ ലേശം പൊതിഞ്ഞുകെട്ടിയേ!
ചട്ടിയും, പിഞ്ഞാണവും കലം കഴുകിവെച്ചവൾ
ചിട്ടയോടെ ജോലീ തീർത്തു വീട്ടിലേക്കു് പോയവൾ!
ഏറെകാലമായിനെയ°ച്ചോർവെച്ചീടുവാൻ മോഹമാം
ഏറെയുണ്ടുമ്മാക്കതൊന്നു തീർത്തിടേണം വേഗമായ°
ഓർത്തവൾ വേഗം നടന്നു വീട്ടിനുള്ളിൽ കേറവേ
ആർത്തിയോടെയുമ്മതന്റെ ചാരെ വന്നിരിക്കവേ!
"ഉമ്മ ഉമ്മ"യെന്നവൾ പലതരം വിളിക്കവേ
ഉമ്മയും ചുരുണ്ടു് പായിൽ നിശ്ചലം കിടക്കവേ
സ്നേഹപൂവ്വം പിന്നെയും തൊട്ടുവിളിച്ചുനോക്കവേ
മോഹമാകെയും തരിച്ച ശൈത്യമായിരിക്കവേ!
നിശ്ചലം! നിന്നുമ്മനിന്നെ വിട്ടുപോയീ പെണ്മണി!
നിശ്ചയം, ഈലോകമിൽ നീ ഏകയാണെപെണ്മണീ
എന്തിനു മാറത്തടിച്ചു കേഴണം നീയോമനേ!
ഹന്ത! നിന്റെ സങ്കടം കാണാൻ കരുത്തില്ലോമനേ!

* * * *

ജനത്തിരക്കു് കുറഞ്ഞൊരു ഗ്രാമപ്രദേശം. അവിടത്തെ ബഹളമില്ലാത്ത അങ്ങാടിയുടെ ഒരു മൂലക്കിരുന്നു ഒരു യാചകൻ പാടുകയാണു്. ആളുകളം അവനെ വട്ടമിട്ടു് നില്ക്കുന്നുണ്ടു്.

(രീതി:— "ഉരയ്യാമൈലഹുബാ.....")

"പലകാലം ആശവെച്ചു, പനിനീർച്ചെടി നനച്ചു
വലുതായപ്പോൾ മുള്ളുവന്നു ഭംഗിയിലേ!
നെടുവീപ്പിൽ ഞാൻവളർത്തി, ചെടിയിൽ ജീവൻ
[പകർത്തി
വടിവാലെൻ കൽബകത്തിൽ ആശ തിങ്ങിടവേ!
പതിവായ്ഞാൻകാത്തുപോന്നു, പലമോഹംഎന്നിലന്നു
നിധിപോലുയരുന്ന വന്നുനില്ക്കുവേ കരളിൽ
തരുമൊട്ടു് കുമ്പെടുത്തു് പരിമിൽ തലയെടുത്തു്
വിരിയാനായിട്ടടുത്തു നില്ക്കുവേ വടിവിൽ
കരളിൽ എന്നാശതിങ്ങി, തിരമാലപോലെ പൊങ്ങി
വിരവിൽ എൻ ഹൃത്തിലാനന്ദം നിറഞ്ഞിടവേ.
തരുമൊട്ടൊന്നു വിരിഞ്ഞു, പരിമളുകിക്കൊണ്ടിരുന്നു
തരുവിൽ ഞാൻ നോക്കിനിന്നു മോദമോടപ്പോഴം!
മധുവൂറിയാസ്വദിക്കാൻകൊതിപോൽനുകരുന്നേരുക്കാൻ
മതിപോലെന്നാശതീർക്കാൻ ഞാൻ മുതിർന്നിടവേ
മലരന്നേരം ഉതിർന്നു, മധുവിൻ പാത്രം തകർന്നു
മലപോലെന്നാശയീനും നില്ക്കുവേ കരളിൽ
മരണംവരേയ്ക്കുമെന്നെ, പിരിയുകയില്ലയെന്നെ
കരളെനീ ചൊല്ലി എന്നെ, കൈവെടിഞ്ഞുല്ലോ!
ഇരവുംപകൽനിനക്കായ്, തെരുവിൽഅലഞ്ഞുനില്ക്കും
കരളേ, എൻ ശോകഗാനം കേട്ടിടുന്നുണ്ടോ?
മണിമേടയ്ക്കുള്ളിലിന്നും, മധുരം നിറഞ്ഞുതുള്ളും
മലരേ, എൻ ആത്മഗാനം കേട്ടിടുന്നുണ്ടോ?
വിരഹത്തിൻകമ്പിമീട്ടി, വിരൽകളിൽചോരചൊട്ടി
വിമലേ, എൻ ശോകഗാനം കേട്ടിടുന്നുണ്ടോ?

അകമാകെ നൊന്തുകീറി, ആത്മാവും വെന്തുനീറി
അമലേ എൻ, ആത്മഗാനം കേട്ടിട്ടുന്നുണ്ടോ?
സുഖമെല്ലാംഞാൻവെടിഞ്ഞു, അകവും നീറിപ്പുകഞ്ഞു
സുഖമെൻ വാടിക്കരിഞ്ഞു പാരിലേകനുമായ്!
പലകാലം ഞാൻ നടന്നു, പലജോലി ചെയ്തു പൊന്നു
മലരേ എൻപാടമൊന്നും അറവുപോയല്ലോ!
ധനവാനാകാൻ ഇറങ്ങി, ധനവുമായ് ഞാൻ മടങ്ങി
ധനമുണ്ട് വേണമെങ്കിൽ കണ്ടുകൊൾകാ നീ
മണിമേടയൊന്നു തീർക്കാൻ, മനമൊത്തു് നാൾകളും
[പോക്കാൻ
പണമുണ്ടിന്നെൻറെ പക്കൽ കണ്ടുകൊൾകാ നീ
ഇണയറുതെണ്ടിയായിഹമിൽഞാൻനൊണ്ടിയായി
ഇണയൊത്ത് നീയിരിപ്പുണ്ടെന്നറിഞ്ഞു ഞാൻ
ഇതു് നിൻറെ കുറമല്ല, ഹിതമൊത്തു് വന്നതല്ല
വിധിയാണെന്നോമനെ, നീ തെറ്റു ചെയ്തില്ലാ.
മരണംവരുന്നമുന്നെ, കരളെന്നടുത്തിരുന്നെ
തരണേ ഒരിറ്റുവെള്ളം, മോഹമുണ്ടെന്നിൽ.
അതിനാൽ തിരഞ്ഞു നിന്നെ, അരിമുല്ലയിങ്ങുവന്നെ
അവസാനം നിൻമുഖം കണ്ടാൽ മതിയെന്നേ.
തവമാറിൽ ചാഞ്ഞുവീണു, മമജീവൻ വിട്ടുപോണം
ഭൂവിയിലെൻ പ്രേമമെന്നും തങ്ങിനില്ക്കണം.....ട"

സമയം സായാഹ്നമാണു്. ആമിനക്കുട്ടി ഭർത്തൃഗൃഹത്തിൻറെ അങ്കണത്തിലിരിക്കുന്നു അവളുടെ മടിയിൽ ഒരു കൊഴുത്ത കുഞ്ഞു കിടന്നു ആകാശത്തിലേക്കു കയ്യും കാലുംനീട്ടി തത്തിക്കളിക്കുന്നുണ്ടു്. അടുത്തു് അവളുടെ സന്തതസഹചാരിണിയും, വേലക്കാരിയുമായ മാമാത്തു ഇരിക്കുന്നു. അവൾ 'കിലുക്കി'യെടുത്തു് കുലുക്കംകൊണ്ടു് കുഞ്ഞിനെ കളിപ്പിക്കയാണു്. മനോഹരമായ സായാഹ്നം! നിർമ്മലമായ നീലാകാശം! നേരിയ ഇളംകാറ്റു് മന്ദംമന്ദം വീശുന്നുണ്ടു്. ആ ഇളംതെന്നലിലൂടെ വിഷാദമയമായൊരു ഗാനം ഒഴുകിവന്നുകൊണ്ടിരുന്നു.

പൊൻകരളെ! നീയെവിടെ മുത്ത്ബീവി!-പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത്ബീവി!
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ!-എന്റെ
പൂതിതിങ്ങും "കൽബകം" തണുത്തിടട്ടെ.....!!

അഞ്ചുകൊല്ലം മുമ്പ്, പ്രണയംപൂത്ത മരതകത്തോപ്പിൽവെച്ച്, പൂനിലാവുള്ള അർധരാത്രിയിൽ ആ മുരളീഗാനം അവസാനം കേട്ടതാണ്. അന്നവസാനം കോരിത്തരിപ്പോടടുക്കുടി പുറത്തേക്കുവന്നു. തെങ്ങിൻനിരകളുടെ നിഴലിൽ നിന്നുകൊണ്ട് അവസാനമായ് പ്രേമഗായകനെ തന്റെ ഹൃദയത്തോട് ചേർത്തുപിടിച്ചു. പക്ഷെ, ഇന്നവസാനിസ്സഹായയായാണ്. അതാ, ആ ഗാനം ഒരശരീരിപോലെ വീണ്ടും ആകാശത്തേക്കുയരുകയാണ്.

പൊൻകരളെ, നീയെവിടെ മുത്ത്ബീവി!-പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത്ബീവി.
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ!—എന്റെ
പൂതിതിങ്ങും കൽബകം തണുത്തിടട്ടെ....”

ആമിനക്കുട്ടിയുടെ ഹൃദയം കിടന്നു പിടച്ചുകൊണ്ടിരുന്നു. ഭൂതകാല ചരിത്രത്തിന്റെ ഓരോ ഏടുകളും അവളുടെ ഹൃദയത്തിലൂടെ മലർന്നുമലർന്നു മറിഞ്ഞുമറിഞ്ഞു പോകയാണ്. അതെ, തന്നെ ആദ്യമായി സ്പർശിച്ച, താൻ ആദ്യമായി പ്രണയംദർശിച്ച, തന്റെ അകക്കാമ്പിനെ ഉരിഞ്ഞെടുത്തു കാഴ്ചവെച്ചുകൊടുത്ത, അവളുടെ പ്രിയപ്പെട്ടവന്റെ ശബ്ദം, അഞ്ചു വർഷങ്ങൾക്കുശേഷം അവളിന്നു കേൾക്കുകയാണ്. ആ പ്രേമമുരളി ഇന്നൊരു തകർന്ന മുരളിയാണ്. അതാ, ആ പതറുന്ന ശബ്ദം വീണ്ടും വീണ്ടും അലിഞ്ഞൊഴുകുകയാണ്.

പൊൻകരളെ, നീയെവിടെ മുത്ത്ബീവി!—പൂതി
എൻകരളിൽ പൊങ്ങിടുന്നെൻ സത്ത്ബീവി.
പൂമുഖം കണ്ടെങ്കിലും പൊറുത്തിടട്ടെ—എന്റെ
പൂതി തിങ്ങും കൽബകം തണുത്തിടട്ടെ.....”

അവൻ തിരയുകയാണ്; അവന്റെ പ്രേമധാമത്തെ അവൻ തിരയുകയാണ്. അവസാനം ആ ശബ്ദംവരുന്ന ദിക്കിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. ആ ഗാനം അവളെ അങ്ങോട്ട് വലിച്ചിഴ

കുകയാണു്. പ്രണയപാശം മുന്നോട്ടു വലിക്കുന്നു—വിവാഹപാശം പിന്നോട്ടും! അസുഖകരമായ വേദന അവൾ നിശ്ശബ്ദം ചവച്ചിറക്കുകയാണു്. ആ ശബ്ദംവരുന്ന ദിക്കിൽത്തന്നെ അവളുടെ ദൃഷ്ടി പതിഞ്ഞുകൊണ്ടിരുന്നു. അതാ ഒരു മനുഷ്യൻ! അവൾ ഉൽക്കണ്ഠയോടുകൂടി നോക്കി! ആ മനുഷ്യരൂപം മുന്നോട്ടു് വരികയാണു്. ആമിനയുടെ ഹൃദയം ധൃതിയിൽ തുടിച്ചുകൊണ്ടിരുന്നു. അവൾ സൂക്ഷിച്ചുനോക്കി! അല്ല, തീച്ചയായും അവളുടെ പ്രിയപ്പെട്ടവനല്ല! ഒരു നൊണ്ടി ഭിക്ഷക്കാരൻ!

രണ്ടു കക്ഷത്തിലും ഊന്നുവടികളും, മുതുകിൽ ഒരു കനത്ത ഭാണ്ഡം, നീണ്ട തലമുടി, ഇടതൂർന്നുതിങ്ങി, നെഞ്ചിലേക്കു് വീണുകിടക്കുന്ന കറുത്ത താടി, മുഷിഞ്ഞ വസ്ത്രം, അല്ല തീച്ചയായും അതവളുടെ പ്രിയപ്പെട്ടവനല്ല! കക്ഷത്തിലുള്ള വടികളും ഊന്നിയമത്തിക്കൊണ്ടു് ആ മനുഷ്യൻ തെള്ളിത്തെള്ളി മുന്നോട്ടു് വരികയാണു്. ആ ഭിക്ഷക്കാരൻ എന്തൊ ഒരു പാട്ടുപാടുന്നുണ്ടു്!

("ഉറപ്പിപ്പാനരുംകേട്ടു..." എന്ന രീതി)

"മുറമ്പുത്തി"ൻ കളിത്തോപ്പിൽ വികസിച്ചമലരേ!
മുഹിബ്ബേ! എൻകരളിന്റെ കരളായ മലരേ!
പെറപ്പുത്തിൽ അകക്കാമ്പിൽ വിടർന്നുള്ള സുമമേ!
പൊരുക്കോററിത്തരിപ്പുട്ടി വിലസിയ സുമമേ!"

വിറച്ചുവിറച്ചുകൊണ്ടു് ആ ഭിക്ഷക്കാരൻ അടുത്തടുത്തു് വരികയാണു്

"ഇതാ നോക്കു്യിവനെ നീയറിയുമോ കരളെ!
ഹിതമുണ്ടൊയിവനെ സ്വീകരിക്കുവാൻ കരളെ!
അറിയില്ലെയിവനെ? നീ പറയുക മയിലേ!
കരിഞ്ഞില്ലെയിതാ നോക്കെൻമുഖം കണ്ടൊ മയിലേ
വിരഹത്തിൻ കരിമേഘം മുഖത്തിൽ വന്നടിഞ്ഞു
കരിഞ്ഞെന്റെ കവിളും, പിൻകരളാകെപ്പുകഞ്ഞു"

ക്രമേണ ആ ഭിക്ഷുവിന്റെ കണ്ണും ഇടറുകയും ശബ്ദം പതറുകയും ചെയ്തു. എങ്കിലും അവൻ പാടിക്കൊണ്ടേ മുന്നോട്ടുവന്നു.

"കളിത്തോപ്പിൽ പലനാളുകളും കളിച്ചതു മറന്നോ?
മലർമുല്ലെ, മനസ്സൊത്ത് കഴിഞ്ഞതും മറന്നോ?
ഇണയൊത്തു് പഠിക്കുവാൻ നടന്നതു് മറന്നോ?
പിണങ്ങിയും, ഇണങ്ങിയും കഴിച്ച നാളും മറന്നോ?
അരിമുല്ലയറത്ത് നിൻമുടിയിൽ ചൂടിടുമ്പോൾ
ചിരിച്ചെന്റെ കവിളിൽ നുള്ളിയ കാലം മറന്നോ?
പല ജോലിയെടുത്തു് ഞാൻ തളർന്നു നിന്നിടുമ്പോൾ
പലഹാരം എനിക്കു തന്നതും ഇപ്പോൾ മറന്നോ?
പലകാലം ഒരുക്കിയ കൊതിയാകെയുതിർന്നോ?
പുലർകാലക്കിനാവായിസ്സകലതും പുലർന്നോ?
മരിച്ചാലും മറക്കില്ലെന്നരച്ചതു് മറന്നോ?
"മരിക്കോളം ഇവൾ കാക്കും" ഉരച്ചതും മറന്നോ?
അകക്കാമ്പിൽ ഒരുത്തനെ പിരിശം വെച്ചിടാതെ
ഇരിക്കും കാത്തിവളെന്നു പറഞ്ഞതും മറന്നോ?
പടർവാവിൽ കരംപൊട്ടിക്കരഞ്ഞതു് മറന്നോ?
നെടുവീർപ്പിട്ടിരുപേരും പിരിഞ്ഞതു് മറന്നോ?
ചൂടകണ്ണീരൊഴുക്കി നീ പറഞ്ഞതു് മറന്നോ
മടമലർളേമെ, നീയവസാനം പിരിഞ്ഞൊ?
'മുഹബ്ബ'ത്തിൻ കളിത്തോപ്പിൽ വികസിച്ച മലരെ!
'മുഹിബ്ബേ' എൻ കരളിന്റെ കരളായ മലരേ....!"

അവന്റെ ശരീരമാകെ വിയത്തൊലിച്ചു. ഹോം കിടുകിടാ വിറച്ചു. കണ്ണുനാളത്തിൽ ശബ്ദം പതറിനിന്നു. എന്നിട്ടും അവൻ മുന്നോട്ടടുക്കുകയാണു്. ആമിനക്കുട്ടി തന്റെ കുഞ്ഞിനേയും മാറോടണച്ചുകൊണ്ടു് അകത്തേക്കോടി! അവൾ വിങ്ങിവിങ്ങിക്കരഞ്ഞു. അടക്കുവാനും ഒടുക്കുവാനും വയ്യാത്ത ആ പരമാർത്ഥത്തിന്റെ തീക്ഷ്ണതയിൽ അവൾ നിശ്ശബ്ദം നീറുകയാണു്. അവളുടെ മുമ്പിൽ ലോകമാകെ ഇരുണ്ടുകൂടിനിന്നു! ആകാശം ഇടിഞ്ഞുപൊളിഞ്ഞു് വീഴുകയാണു്! മമ്മാത്തു പകച്ചു നിന്നുപോയി. അവൾക്കൊന്നും മന

സ്സിലാകുന്നില്ല. ജീവിത നാടകത്തിന്റെ ഈ കഥയിലുണ്ട വശ മൊന്നും അവൾക്കറിഞ്ഞുകൂടാ! അഞ്ചുകൊല്ലം മുമ്പ് കേട്ടൊരു ശബ്ദംതന്നെയാണ് അവളിപ്പോഴും കേൾക്കുന്നത്; അവളുടെ സഹോദരന്റെയത്. പക്ഷെ,.....അവളുടെ സഹോദരൻ ഒരു നൊണ്ടിയല്ല.....! രോമംകൊണ്ട് മൂടിക്കിടക്കുന്ന ആ മുഖത്തിൽ നിന്ന് അവൾക്കൊന്നും പഠിക്കാൻ കഴിഞ്ഞില്ല. അവൾ പകച്ചു നില്ക്കുകയാണ്. ആ ഭിക്ഷുവതാ വീണ്ടും പാടുന്നു:—

"ഇതാ നൊക്ക്, യിവനെ നീയറിയില്ലെ കരളെ?
ഹിതമുണ്ടായിവനെ സ്വീകരിക്കുവാൻ കരളെ?
നിനക്കായി പല നാട്ടിൽ നടന്നു ഞാനലഞ്ഞേ!
ധനികാനായിതാ വീണ്ടും കനിയേ ഞാനണഞ്ഞേ!
അറിയില്ലെയിവനെ വിട്ടൊഴിയല്ലെ കരളെ!
പിരിയല്ലെയിവനെ സ്വീകരിക്കണം കരളെ!
കരളെന്നെപ്പിരിഞ്ഞെങ്കിൽ കരളെന്റെ കലങ്ങും!
മരണത്തിൻ മടിത്തട്ടിൽ കിടന്നു ഞാനുറങ്ങും!
ഒരു തുള്ളി ജലം അപ്പോഴും മലർകയ്യാൽ തരുമോ?
മരണത്തിൻ പിറകെന്റെ സമീപത്തിൽ വരുമോ?
ഉണപെങ്ങളും, തണിയുമ്മാനെയുംവിട്ടുപിരിഞ്ഞോൻ
നിനക്കായിട്ടിഹത്തിന്റെ സുഖമാകെവെടിഞ്ഞോൻ
മുഹബ്ബത്തിൻ കൂട്ടിത്തോപ്പിൽ വികസിച്ച മലരേ!
"മുഹിബ്ബേ" ഞാ....നി....താ.....പോണു.....!"

വിറച്ചുകൊണ്ടാ ഭിക്ഷക്കാരൻ തളർന്നുവീണു "പെങ്ങളെ....മ ഞ്ഞാ....ത്തു! വെ....ള്ളം....."

"ഇക്കാക്ക.....ന്റെ പൊന്നു....ക്കാക്ക....." മഞ്ഞാത്തു അവന്റെ മാറിലേക്ക് മറിഞ്ഞുവീണു.....രക്തബന്ധം... .....!!

END.

നെടുവീർപ്പുകൾ

(പരിഷ്കരിച്ച ആറാംപതിപ്പ്. വില 25 ന:പ)

"മെഹറിന്റെ 'നെടുവീർപ്പുകൾ' ലളിതവും സുന്ദരവുമായ മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള മാപ്പിളപ്പാട്ടുകളാണു്. മെഹർ കൂടുതൽ മാപ്പിളപ്പാട്ടുകൾ എഴുതേണ്ട ഒരാളാണെന്നു് തോന്നുന്നു."

[മാതൃഭൂമി ആഴ്ചപ്പതിപ്പു് 1952 സപ്തമ്പർ 28]

തെരുവിന്റെ ചിന്ത

പരിഷ്കരിച്ച ആറാംപതിപ്പു്. വില 25 ന:പ.)

"മലയാളത്തിലെ ജനകീയ സംസ്കാരഭണ്ഡാരത്തിലെ വിലപ്പെട്ട സമ്പാദ്യങ്ങളാണു് മാപ്പിളപ്പാട്ടുകൾ.....,
എന്നാൽ സൂക്ഷ്മമായ ഒരു സൈസ്കിക സംഗീതബോധവും, സൌന്ദര്യബോധവും, പ്രാസഭീക്ഷയും പലിച്ചുകൊണ്ടു് അവ നമ്മുടെ ഹൃദയങ്ങളിൽ നേരിട്ടിറങ്ങിച്ചെല്ലുന്നു....! മെഹറിന്റെ കവിത പോകുന്നതും ആ വഴിക്കാണു്.....!

വാക്കിനു് വാക്കിനു് സംഗീതം വഴിഞ്ഞു്, വർണ്ണനകളടേയും ഭാവനകളടേയും, സൌന്ദര്യം കൂടിക്കുഴഞ്ഞു്, വേദനയുടെ പാറകളിൽ തട്ടിത്തടഞ്ഞുകൊണ്ടു് ജീവിതാനന്ദത്തിന്റെ താഴ്വരയിലൂടെ ഇഴഞ്ഞിഴഞ്ഞു് പോകുന്നവയാണു് മെഹറിന്റെ ഈ ഗാനങ്ങളം. ഷെലിയുടെ ജനകീയതയോടൊപ്പം ഉള്ളടക്കത്തിന്റെ ജനകീയതയും ഇതിലിണങ്ങിച്ചേർന്നിരിക്കുന്നു .....!

"അക്രമരാഹിത്യത്തിന്റെ ലാത്തി", "ആവലാതി", "കവിതാദേവിയോടു്" എന്നി ഗാനങ്ങളം പ്രത്യേകം ഇമ്പമുള്ളവയാണു് അതുല്യമായ ആ 'ഓമനതിങ്കൾക്കിടാവേ' ഗാനത്തെ അനുസ്മരിപ്പിക്കുന്ന 'പാവത്തിന്റെ താരാട്ടി'ലെ ചില വരികളം കേൾക്കുക

മണിമുത്തെ മധുവാന്ന പൂമോളെ–എന്റെ
മനമിനു് കുളിരേകും തേൻമോളെ
കനിയല്ലേ കരളല്ലേ, ഉമ്മാന്റെ–തങ്ക
മണിയല്ലെ കരയല്ലെ രാ–രാ–രോ.

വളർന്നുവരുന്ന ഈ മാപ്പിളക്കവിക്കു് മേന്മേൽ അഭിവാദനങ്ങളം."

മാതൃഭൂമി ആഴ്ചപ്പതിപ്പു് 1953 മെയ് 17]

ആവശ്യപ്പെടുക:—

ആമിനാ ബുക് സ്റ്റാൾ,

തൃശ്ശൂർ–1. (കേരളം)

കുറെ മാപ്പിളപ്പാട്ടുകളും മറ്റും.

അബലയുടെ ആവലാതി—മെഹർ	0	40
അറേബ്യൻസിംഹം—ഉമർകിസ്സ—ഹസ്സൻ	0	25
ആമിനക്കുട്ടി—മെഹർ	0	50
ആമിനക്കുട്ടി 2-ാം ഭാഗം—കെ. ഹസ്സൻ	0	50
ആമിന—മുബാറക്ക്	0	25
കതീജക്കുട്ടി—ആർ. മുല്ലശ്ശേരി	0	25
ജമീല 3-ാം ഭാഗം കൂടി—മുനീർ	1	00
തകക്കിനാവുകഥ—കെ. ബി. അബൂബക്കർ	0	25
തെരുവിന്റെ ചിന്ത—മെഹർ	0	25
തേൻകിനാവുകഥ—ഗോവിന്ദൻകുട്ടി	0	25
ദൈവത്തിന്റെ മനുഷ്യൻ—ഒ. ആബു	0	50
നഫീസാന്റെ കൽബും അബ്ദുവിന്റെ കണ്ണുകളും—പി. ടി. അബ്ദുറഹിമാൻ	0	50
നെടുവീർപ്പുകഥ—മെഹർ	0	25
നിക്കാഹിന്റെ കിനാക്കഥ—പീണോണി	0	25
പൊന്നിൻകിനാവു്—വെട്ടത്തു് രാഘവൻ	0	25
ബദറൽ മുനീർ—ഹുസനൽജമാൽ—വൈദ്യർ	1	00
മണമുള്ള മലരുകഥ—ഒ. അബു	0	25
മുല്ലമാല—കെ. ബി. അബൂബക്കർ	0	25
മോയിൻകുട്ടി വൈദ്യർ—കരീം	0	50
ഗാമിദിയ—അബുൽബശീർ	0	25
മധുരസ്വപ്നങ്ങൾ—ആർ. മുല്ലശ്ശേരി	0	25
പുന്നാരക്കന്നി—ഒ. ആബു	0	15
വിരുത്തങ്ങൾ—ഇച്ചമസ്ഥാൻ	0	31
സങ്കല്പകുസുമങ്ങൾ—പലകവികൾ	0	25
സുറമ—കൃഷ്ണകുമാർ, എം. എ.	0	25
സുഹ്റ—കെ ഹസ്സൻ	0	40
ഹജ്ജ് യാത്ര—പി. ടി. ബീരാൻകുട്ടിമൌലവി	0	40
കരവാളും കൈലേസും—കെ. ബി. മേനോൻ	0	50
താജ്മഹൽ അഥവാ പ്രേമകാവ്യം—ഗോപാലവൃത്തൻ	0	50
ദശപുഷ്പങ്ങൾ—ഗോവിന്ദൻകുട്ടി	0	50
വാഴക്കുല—രാജൻ	0	15
ശ്രീനാരായണഗുരുചരിതം—കൃഷ്ണകുമാർ എം. എ.	0	75

ആമിനാ ബുക്ക് സ്റ്റാൾ, തൃശ്ശൂർ-1.